12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 271 15.3.2010-ൽ മറുപടിക്ക്

## സ്വകാര്യ പങ്കാളിത്തത്തോടെ ബസ് ടെർമിനലുകൾ

ചോദ്യം ഉത്തരം

ശ്രീ കെ.ബാബു
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. അച്ചുതൻ

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ബസ് ടെർമിനലുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | എത്ര ബസ് ടെർമിനലുകളാണ് ഇപ്രകാരം സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | (ബി) യും (സി) യും<br>ചോദ്യം ഉദിക്കുന്നില്ല. |
| (സി) | പ്രസ്തുത ബസ് ടെർമിനലുകൾ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന ഫണ്ട് എപ്രകാരം കണ്ടെത്തുമെന്ന് അറിയിക്കുമോ; | | |
| (ഡി) | ഇവ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതാണ്. അങ്കമാലിയിൽ കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.യുമായി സഹകരിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് ആരംഭിച്ചു. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഈ സ്കീമിൽ കോഴിക്കോട് പണി ആരംഭിക്കുകയും |

| | | | |
|---|---|---|---|
| | | | പുരോഗതിയിലുമാണ്. തിരുവനന്തപുരം സെൻട്രലിൽ ഇതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ എത്ര വർഷം കഴിയുമ്പോഴാണ് കെ.എസ്.ആർ.ടി.സി. ക്ക് പ്രസ്തുത ബസ് ടെർമിനലുകളുടെ ഉടമസ്ഥത ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് കെ.റ്റി.ഡി.എഫ്.സി. ചെലവാക്കുന്ന തുക വാടകയിനത്തിലും മറ്റിനങ്ങളുമായി തിരികെ ലഭിച്ച് ബാദ്ധ്യത തീരുമ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് കൈമാറുന്നതാണ്. കെ.ടി.ഡി.എഫ്.സി.ക്ക് പദ്ധതിയിൽ നിന്നും പ്രതിമാസം ലഭിക്കുന്ന അറ്റാദായത്തിന്റെ 50% അതാതു മാസം കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകുന്നതാണ്. ഈ തുക കഴിച്ചുള്ള 50% അറ്റാദായം കൊണ്ടാണ് സാമ്പത്തിക ബാദ്ധ്യത തീർക്കേണ്ടത്. |
| (എഫ്) | പ്രസ്തുത ടെർമിനലുകളുടെ നിർമ്മാണത്തിൽ സ്വകാര്യ പങ്കാളിത്തത്തിന്റെ ആവശ്യകതയെന്തെന്ന് വ്യക്തമാക്കുമോ? | (എഫ്) | സ്വകാര്യ പങ്കാളിത്തത്തിന്റെ ആവശ്യകത ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 272

15-3-2010 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയതീൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിലെ അഴിമതിയും ദുർഭരണവും അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സഹകരണ മേഖലയിൽ അഴിമതിയും ദുർഭരണവും അവസാനിപ്പിക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നയുടനെ സഹകരണ സംഘങ്ങളിലെ അഴിമതിയാരോപണങ്ങളെ കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാനതലത്തിലും 14 ജില്ലകളിൽ ജില്ലാ തലത്തിലും അന്വേഷണ സമിതികൾ രൂപീകരിച്ചിരുന്നു. ഇവയുടെ റിപ്പോർട്ട് ലഭിക്കുകയും വിജിലൻസ് വകുപ്പ് അടക്കമുള്ളവയുടെ തുടർ നടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്ക്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ തുടങ്ങി സംസ്ഥാനത്താകെ നടന്ന 2000 കോടി രൂപയോളം വരുന്ന അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ ശക്തമായ |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ രജിസ്ട്രാർ ഓഫീസ് തലത്തിൽ രണ്ടു മോണിറ്ററിംഗ് കമ്മിറ്റികൾ ഇതിനായി പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ മിന്നൽ/വിശദ പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ സഹകരണ നിയമം/ചട്ട പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സഹകരണ സംഘം രജിസ്ട്രാരുടെ കീഴിൽ പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ചു കൊണ്ട് വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ/ മേഖലയിലെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും, തദ്വാര അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ യഥാസമയം കണ്ടുപിടിക്കുന്നതിന്റെയും ഭാഗമായി പ്രത്യേക ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ബാങ്കിംഗ് റഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, വകുപ്പു തല ആഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ സഹകരണ സംഘം രജിസ്ട്രാരുടെ നിയന്ത്രണത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| | കൂടാതെ സഹകരണ സംഘങ്ങളിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു നിയമ ഭേദഗതി ബിൽ ഈ സമ്മേളന കാലയളവിൽ അവതരിപ്പിക്കുന്നതാണ്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ച് നടത്തിയ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; | ഉണ്ട് |
| (സി) എങ്കിൽ അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർബിട്രേഷൻ കേസ്, ക്രിമിനൽ കേസ്, വിജിലൻസ് കേസുകൾ തുടങ്ങിയവയും ഭരണ സമിതിക്കെതിരായ മറ്റ് നടപടികളും, സർചാർജ്ജ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) അഴിമതി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകളുടെ വിശദവിവരം വെളിപ്പെടുത്തുമോ; | ഈ സർക്കാരിന്റെ കാലയളവിൽ അഴിമതി സംബന്ധിച്ചുള്ള 56 കേസ്സുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. കൂടാതെ ഏതാനും കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്ന കാര്യം ആലോചിച്ചു വരുന്നു. |
| (ഇ) അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഊർജ്ജിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. അഴിമതി നടത്തിയ ചില കേസ്സുകളിൽ നിയമ നടപടി |

കൾ കാരണം സ്റ്റേ ചെയ്യപ്പെടുകയു ണ്ടായിട്ടുണ്ട്. ഏതാനും ഭരണസമി തികൾ അവരുടെ സ്വയം ഭരണ സ്വാതന്ത്ര്യം ഉപയോഗിച്ച് ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റ ക്കാർ രക്ഷപ്പെടാതിരിക്കാനുള്ള നിയമ ഭേദഗതി കൂടിയാണ് ഗവർ മെന്റ് കൊണ്ടു വരുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 273      15.03.2010 ൽ മറുപടിയ്ക്ക്

## ആദായ നികുതി വകുപ്പിന് നൽകാനുള്ള കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡ് ആദായ നികുതി വകുപ്പിന് മിനിമം ആൾട്ടർനേറ്റീവ് ടാക്സ് (എം.എ.ടി.) ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശികയാണ് കൊടുത്തു തീർക്കാനുള്ളത്; | (എ) വിവിധ വർഷങ്ങളിലെ അസസ്സ്മെൻറ് ഓർഡറുകൾ പ്രകാരം 164.58 കോടി രൂപ ആദായനികുതി വകുപ്പ് മിനിമം ആൾട്ടർനേറ്റീവ് ടാക്സിനത്തിൽ ബോർഡിൽ നിന്നും ഡിമാൻറ് ചെയ്തിട്ടുണ്ട്. |
| (ബി) കുടിശ്ശിക അടച്ചുതീർക്കാത്തതിൻെറ കാരണമെന്താണ്; | (ബി) വൈദ്യുതി ബോർഡ് 1956 ലെ കമ്പനി നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമല്ലാത്തതിനാൽ മിനിമം ആൾട്ടർനേറ്റീവ് ടാക്സിൻെറ പരിധിയിൽ വരുന്ന സ്ഥാപനമല്ല എന്നാണ് ബോർഡിൻെറ നിഗമനം. ബോർഡിൻെറ ടാക്സ് കൺസൾട്ടൻറിൻേറയും നിയമ വിദഗ്ദ്ധരുടെയും അഭിപ്രായവും ഇതുതന്നെയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ആദായ നികുതി അപ്പലേറ്റ് ട്രിബ്യൂണലിലും കേസ് നിലനിൽക്കുന്നുണ്ട്. |
| (സി) കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ബോർഡിൻെറ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചിട്ടുണ്ടോ; | (സി) ബോർഡും ആദായനികുതി വകുപ്പ് കമ്മീഷണറും തമ്മിൽ ഒത്തുതീർപ്പിലെത്തിയതിനാൽ ഇപ്പോൾ അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടില്ല. |

(ഡി) കുടിശ്ശിക സമയബന്ധിതമായി അടച്ചുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ബോർഡ് മിനിമം ആൾട്ടർനേറ്റ് ടാക്സിൻെറ പരിധിയിൽ വരും എന്ന് അന്തിമമായി തീർപ്പ് ഉണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ ടാക്സ് മൊത്തമായി അടയ്ക്കുവാൻ നടപടികൾ ആവശ്യമായി വരുകയുള്ളൂ.

S. Malathy

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 274

15-3-2010 - ൽ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ജയരാജൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. മഞ്ഞളാം കുഴി അലി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെയും എൻ.സിഡി.സി യുടെയും സംയുക്ത സഹായത്തോടെ മൊത്തം 55.76 കോടി രൂപയുടെ ധനസഹായം ഒരു പുനരുദ്ധാരണ പദ്ധതി വഴി നൽകിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സിയിൽ നിന്നും മുൻകാലങ്ങളിൽ വിവിധ പ്രോജക്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി നൽകിയിട്ടുള്ള ലോൺ അതിന്റെ പലിശ, പിഴപലിശ ഉൾപ്പെടെ മൊത്തം 38.45 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി മാറ്റി അനുവദിച്ചിട്ടുണ്ട്. റബ്കോയുടെ കീഴിൽ ആരംഭിച്ചിരുന്ന വിവിധ പ്രോജക്ടുകൾക്ക് പ്രവർത്തന മൂലധനമായും റബ്കോ തുടങ്ങി വെച്ചിരുന്നതും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ റബർ കോമ്പൗണ്ട് |

| | |
|---|---|
| | മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബർ യൂണിറ്റ്, കാഷ്വൽ ഷൂ യൂണിറ്റ്, ഹെഡ് ഓഫീസ് കെട്ടിടം എന്നിവ പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് മേൽപ്പറഞ്ഞ പുനരുദ്ധാരണ സഹായം നൽകിയിട്ടുള്ളത്. |
| (ബി) റബ്കോയുടെ കീഴിൽ ഇപ്പോൾ എന്തെല്ലാം സ്ഥാപനങ്ങളാണുള്ളത്; | 1)ഹവായ് ചപ്പൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള റബ്കോ ഹവായ ചപ്പൽ ഫാക്ടറി, വലിയ വെളിച്ചം, കൂത്തു പറമ്പ്.<br>2) റബ്ബറൈസ്ഡ് കൊയർ മാട്രസ്സ് നിർമ്മിക്കുന്നതിന് റബ്കോ റബ്ബറൈസ്ഡ് കൊയർ മാട്രസ്സ് ഫാക്ടറി, പാമ്പാടി, കോട്ടയം<br>3) റബ്ബർ കോമ്പൗണ്ട് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള റബ്കോ കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, വലിയ വെളിച്ചം, കൂത്തുപറമ്പ്.<br>4) റബ്ബർ പാൽ സംഭരണ വിപണനത്തിനു വേണ്ടിയുള്ള റൂഫാസ് ഡിവിഷൻ<br>5) പച്ചത്തേങ്ങയിൽ നിന്ന് വെളിച്ചെണ്ണ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റ്.<br>6) റബ്ബർ തടിയെ ആധാരമാക്കി പാനൽ ബോർഡുകളും ഫർണിച്ചറുകളും നിർമ്മിക്കുന്ന റബ്കോ ഹുവാട്ട് വുഡ് ഫാക്ടറി.<br>7) ക്രമ്പ് റബ്ബർ നിർമ്മിക്കുന്ന ശ്രീകണ്ഠാപുരം ലാറ്റക്സ് ഫാക്ടറി. |
| (സി) ഈ സർക്കാർ വന്നശേഷം റബ്കോയ്ക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് നൽകിയത്; | സംസ്ഥാന ഗവൺമെന്റും എൻ.സി.ഡി.സി യും സംയുക്തമായി 55.76 കോടി രൂപയുടെ |

| | |
|---|---|
| | റബ്കോ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി. എൻ.സി.ഡി.സി യിൽ നിന്നും മുൻകാലങ്ങളിൽ വിവിധ പ്രോജക്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി നൽകിയിട്ടുള്ള ലോൺ, അതിന്റെ പലിശ, പിഴപലിശ ഉൾപ്പെടെ മൊത്തം 38.45 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി മാറ്റിയിട്ടുണ്ട്. എൻ.സി.ഡി.സി യുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകിയ 55.76 കോടി രൂപയിൽ 8.63 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമാണ്. റബ്കോയുടെ ഹെഡ് ഓഫീസ് ഓഡിറ്റോറിയത്തിന്റെ ബാക്കി ജോലികൾ പൂർത്തീകരിക്കുന്നതിന് സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഗ്രാന്റായി അനുവദിച്ചു. |
| (ഡി) തലശ്ശേരിയിൽ കാഷ്വൽ ആന്റ് സ്പോർട്ട്സ് ഷൂ ഫാക്ടറി നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; | തലശ്ശേരിയിൽ കാഷ്വൽ ആന്റ് സ്പോർട്സ് ഷൂ ഫാക്ടറിയുടെ പണി പൂർത്തീകരിച്ചു വരുന്നു. അടുത്ത മൂന്നു മാസത്തിനുള്ളിൽ യൂണിറ്റ് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) ഈ പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വെളിപ്പെടുത്തുമോ; | ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ 250 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (എഫ്) റബ്കോയുടെ വെർജിൻ കോക്കനട്ട് ഓയിലിന്റെ വിപണനം മെച്ചപ്പെ ടുത്താൻ നടപടി സ്വീകരിക്കുമോ? | റബ്കോയുടെ വെർജിൻ കോക്കനട്ട് ഓയിലിന്റെ വിപണനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ സംഘത്തിന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ. 275 | 15.3.2010 ൽ<br>മറുപടി ക്ക് |

കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

| | |
|---|---|
| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ എം.എൽ.എ<br>" സി.എച്ച്. കുഞ്ഞമ്പു "<br>ശ്രീമതി. പി. അയിഷാ പോറ്റി "<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ "<br>" ബി. രാഘവൻ " | ഉത്തരം<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി.) |

| | |
|---|---|
| (എ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് കേരളത്തിലെ 14 ജില്ലകളെ രണ്ടു മേഖലകളായി തിരിച്ച് രണ്ടു കോ-ഓർഡിനേറ്റർമാരുടെ കീഴിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൃഷിക്കാരുമായി നേരിട്ട് സമ്പർക്കം പുലർത്തി കൃഷി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഓരോ ജില്ലയിലും ഓരോ ഫീൽഡ് ഓഫീസറേയും രണ്ട് ഫീൽഡ് അസിസ്റ്റന്റുമാരേയും നിയമിച്ചിട്ടുണ്ട്.<br>പ്ലാൻ ഫണ്ടിൽ നിന്ന് 2007-08, 2008-09-ൽ അനുവദിച്ച 150 ലക്ഷം രൂപ വിനിയോഗിച്ച് കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ 25067 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കർഷകർക്ക് സൗജന്യമായി നൽകുകയും, നടീലിനും പരിപാലനത്തിനുമായി 13 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വനം വകുപ്പിന്റെ സഹായത്തോടെ വനസംരക്ഷണ സമിതികൾ വഴി വനാശ്രിതകർഷകർക്ക് 84,000 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നൽകുകയും നടീലിനും പരിപാലനത്തിനുമായി 54.60 ലക്ഷം രൂപ ധനസഹായം നൽകുകയും ഉണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് |

ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്-പുനലൂർ, റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്-പുനലൂർ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവ രീതിയിൽ 245 ഏക്കർ കശുമാവ് തോട്ടം വെച്ച് പിടിപ്പിക്കുന്നതിനായി 11.07 ലക്ഷം രൂപ ധനസഹായം നൽകി കൃഷി നടപ്പിലാക്കി.

2008-09 സാമ്പത്തിക വർഷത്തിൽ കെ.എസ്.എ.സി.സി. സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പിലാക്കുന്നതിനായി 95.60 കോടി രൂപയുടെ പദ്ധതി നാഷണൽ ഹോർട്ടി കൾച്ചർ മിഷന് സമർപ്പിച്ചു. നാല് വർഷം കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 57.83 കോടി രൂപ ധനസഹായം ലഭിക്കും.

2009-10-ൽ നടപ്പു വർഷത്തെ കശുമാവ് കൃഷിക്കായി അനുവദിച്ച 28 കോടി രൂപയിൽ ആദ്യ ഗഡുവായ 5 കോടി രൂപയും, സംസ്ഥാന സർക്കാർ കശുമാവ് കൃഷി പ്രോത്സാഹനാർത്ഥം അനുവദിച്ച 3 കോടി രൂപയുടെ ആദ്യ ഗഡുവായ 1.50 കോടി രൂപയും വിനിയോഗിച്ച് കേരളത്തിലെ പന്ത്രണ്ട് ജില്ലകളിലെ 16667 കർഷകർക്കും, 36 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാ ളികൾക്കും , 6 വന വികസന ഏജൻ സികൾ വഴി വനാശ്രിത കുടുംബ ങ്ങൾക്കും, 18 സർക്കാർ, പൊതുമേഖലാ സ്ഥാപന ങ്ങളിലെ കൃഷിക്കുമായി 6.53 ലക്ഷം കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നൽകി. 2008-09, 2009-10 എന്നീ വർഷങ്ങളിലായി ഇതുവരെ 10111 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടപ്പിലാക്കി, ഇതിൽ 8233 ഏക്കർ പുതിയ കശുമാവ് തോട്ടവും, 1878 ഏക്കർ കശുമാവ് പുനർ കൃഷിയും ആണ്.

| | |
|---|---|
| (ബി) കശുമാവ് കൃഷിയ്ക്കായി കെ. എസ്.എ.സി.സി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നറിയിക്കുമോ; | (ബി) കശുമാവ് കൃഷിയ്ക്കായി കെ.എസ്.എ.സി.സി ഇതുവരെ 420 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എത്ര ഏക്കർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ചെയ്തു എന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.എ.സി.സി. ഇതുവരെ 8233 ഏക്കറിൽ പുതിയതായി കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 1878 ഏക്കറിൽ കശുമാവ് പുനർ കൃഷിയും നടത്തിയിട്ടുണ്ട്. മൊത്തത്തിൽ 10111 ഏക്കറിൽ കശുമാവ് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേന്ദ്ര ഹോർട്ടികൾച്ചറൽ മിഷൻ എത്ര കോടി രൂപ അനുവദിച്ചു; അതിൽ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ? | (ഡി) | കശുമാവ് കൃഷി വികസിപ്പിക്കാൻ കേന്ദ്ര ഹോർട്ടികൾച്ചറൽ മിഷൻ 4 വർഷമായി ചെലവഴിക്കാൻ **57.83 കോടി** രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായി 5 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. ഇതിനകം 210 ലക്ഷം രൂപ ചെലവഴിച്ച് കഴിഞ്ഞു. ബാക്കി 290 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 276 — 15/03/2010-ൽ മറുപടിക്ക്

## 25000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ നടപടി

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരും പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25000 രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളും എന്ന ഉത്തരവ് നിലവിൽ വന്നോ; | (എ) സംസ്ഥാനത്തെ പട്ടികജാതി / പട്ടികവർഗ്ഗ / പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ കുടിശ്ശികയായതു മായ വായ്പകളിൽ 25,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വായ്പകൾ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട നടപടികൾ ധനകാര്യ സ്ഥാപനങ്ങൾ വൈകിക്കുന്നതിനാൽ പ്രസ്തുത വിഭാഗക്കാർ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ; | (ബി) ധനകാര്യ സ്ഥാപനങ്ങൾ വൈകിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണഭോക്താക്കളുടെ ജാതി / വരുമാന സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ കാലതാമസം വരുന്നുണ്ട്. ഇത് ത്വരിതപ്പെടുത്തുവാൻ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| (സി) പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികളിൽ വീടും, വീട് മെയിന്റനൻ സിന് തുകയും അനുവദിച്ചിട്ടുള്ള പ്രസ്തുത വിഭാഗക്കാരുടെ പ്രമാണങ്ങളും മറ്റും ധനകാര്യ സ്ഥാപനങ്ങളിൽ ജാമ്യമായി ഇരിക്കുന്നതിനാൽ രേഖകൾ പഞ്ചായത്തുകളിൽ നൽകുവാൻ കഴിയാതെ വരുന്നതിനാൽ ഇവർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ പലപ്പോ ഴും നഷ്ടപ്പെട്ടു പോകുവാൻ ഇട വരു ന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാ ക്കുമോ? | (സി) ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തു കളിൽ നിന്നും ഭവന നിർമ്മാണ ധനസഹായം, വീട് അറ്റകുറ്റപ്പണിയ്ക്കുള്ള ധനസഹായം എന്നിവയ്ക്ക് വസ്തുവിന്റെ ആധാരം ഈടായി നൽകേണ്ട ആവശ്യക തയില്ല. ആയതിനാൽ ഇവർക്ക് പഞ്ചായ ത്തുകളിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമില്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **277**

15.03.2010- ലെ മറുപടിക്ക്

## ചകിരിയുല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. എം. ഉമ്മർ** | **ശ്രീ. ജി. സുധാകരൻ**<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| **(എ)** സംസ്ഥാനത്തെ കയർ ഉത്പാദകർക്ക് ആവശ്യമായ ചകിരിയുടെ അളവ് എത്രയാണ് ; | **(എ)** ഏകദേശം 225000 ടൺ ചകിരി ഒരു വർഷത്തേയ്ക്ക് സംസ്ഥാനത്തെ കയർ ഉത്പാദനത്തിന് ആവശ്യമാണ്. |
| **(ബി)** ഇതിൽ എത്രമാത്രം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | **(ബി)** ഏകദേശം 23000 ടൺ ചകിരി ഒരുവർഷം സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നു. |
| **(സി)** എത്ര മാത്രം ചകിരി, എവിടെനിന്നെല്ലാം സംഭരിക്കുന്നു. ഇറക്കുമതി ചെയ്യുന്ന ചകിരിയുടെ അളവ് എത്ര; | **(സി)** സംസ്ഥാനത്ത് ലഭ്യമായ ചകിരിയ്ക്ക് പുറമെ ആവശ്യമായ ചകിരി പ്രധാനമായും തമിഴ്നാട്ടിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ശരാശരി 130000 ടൺ ചകിരി വർഷത്തിൽ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്നതായി കണക്കാക്കപ്പെടുന്നു. |
| **(ഡി)** സംസ്ഥാനത്ത് നിന്നും മുഴുവൻ തൊണ്ടും സംഭരിച്ച് ചകിരിയുത് പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | **(ഡി)** സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും (300 കോടിയെങ്കിലും) ഇവിടെത്തന്നെ ആദ്യ ഘട്ടത്തിൽ സംസ്കരിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കയർ കമ്മീഷൻ ശുപാർശ പ്രകാരം തൊണ്ട് സംഭരണ പദ്ധതി 2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 10 കയർ പ്രോജക്ട് പ്രദേശങ്ങളും തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പച്ച തൊണ്ട് ശേഖരിക്കുന്ന |

| | |
|---|---|
| | വ്യക്തി/ഗ്രൂപ്പിന് 10 പൈസ ഇൻസന്റീവും പ്രതിദിനം 100 രൂപയും നൽകിയാണ് തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ 5 ലക്ഷം രൂപവീതം കൺസോർഷ്യങ്ങൾക്ക് പ്രവർത്തനമൂലധനവും നൽകുന്നുണ്ട്. പുതിയ ഡീഫൈബറിംഗ് മിൽ സ്ഥാപിച്ചും നിലവിലുള്ള മില്ലുകൾ പുനരുദ്ധാരണം/ നവീകരണം/ വിപുലീകരണം എന്നിവ നടത്തിയും പരമാവധി ചകിരി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , കുടുംബശ്രീ , സി ഡി എസ് സമാനസ്വഭാവമുള്ള ഏജൻസികൾ എന്നിവർക്ക് പുതിയവ സ്ഥാപിക്കുന്നതിന് പ്രോജക്ടിന്റെ 75% പരമാവധി 25 ലക്ഷം രൂപയും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിന് പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഡീഫൈബ റിംഗ് മില്ലുകൾക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു.<br><br>(ഒപ്പ്)<br>**സെക്ഷൻ ഓഫീസർ** |

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 278      15.03.2010 ൽ മറുപടിയ്ക്ക്

## വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യവസായികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ്ജ് അനുവദിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) 2010-ൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യവസായികൾക്ക് 5 മുതൽ 10 വരെ ശതമാനം വൈദ്യുതിചാർജ്ജ് കുറച്ചുകൊടുത്തുവോ;<br>(ബി) ആരുടെ ആവശ്യപ്രകാരമാണ് റെഗുലേറ്ററി കമ്മീഷൻ ഇപ്രകാരം ചാർജ്ജ് കുറച്ചുകൊടുത്തതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇപ്രകാരം ചാർജ്ജ് കുറച്ചത് എന്തടിസ്ഥാനത്തിലാണ്; | (എ), (ബി) & (സി) ഇല്ല. എന്നാൽ എച്ച്.ടി., ഇ.എച്ച്.ടി. വിഭാഗത്തിലുള്ള വ്യവസായ ഉപഭോക്താക്കളുടെ ടി.ഒ.ഡി. (Time of day) താരിഫ് പരിഷ്ക്കരിക്കുകയുണ്ടായി. ഇത് പീക്ക് സമയത്തെ വൈദ്യുത ഉപഭോഗം നിയന്ത്രിക്കാൻ ഏർപ്പെടുത്തിയ ക്രമീകരണം മാത്രമാണ്. |
| (ഡി) ചാർജ്ജ് കുറച്ചുകൊടുത്തതു കൊണ്ട് വൈദ്യുതി ബോർഡിന്റെ വരുമാനത്തിൽ എത്ര കുറവുണ്ടായിട്ടുണ്ട്; | (ഡി) എച്ച്.റ്റി., ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെടുന്ന 2494 ഉപഭോക്താക്കളുടെ ജനുവരിമാസത്തെ ഉപഭോഗം കണക്കാക്കിയതിൻ പ്രകാരം ഡിമാൻറ് ചാർജിനത്തിൽ 1.86 കോടി രൂപയും (ഏകദേശം 7.55%) എനർജി ചാർജിനത്തിൽ 2.53 കോടി രൂപയും (ഏകദേശം 2.69%) മൊത്തം വരുമാനത്തിൽ 4.4 കോടി രൂപയും (ഏകദേശം 3.74%) കുറവുണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഇത് എപ്രകാരം പരിഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (ഇ) റ്റി.ഒ.ഡി. താരിഫ് റഗുലേറ്ററി കമ്മീഷൻ പുനക്രമീകരിച്ച് 02.12.2009 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി. ഓർഡർ 01.01.2010 മുതൽ നടപ്പിലാക്കണമെന്നും, ബോർഡ് നേരിടുന്ന സാമ്പത്തിക ബാദ്ധ്യതകൾ, പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച് വിശദമായ പഠനത്തിനു വിധേയമാക്കി ഉത്തരവു നടപ്പിലാക്കി ആറു മാസക്കാലയളവിനുശേഷം കമ്മീഷനെ സമീപിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ ബോർഡ് കൈക്കൊള്ളുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം **സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ: 279** 15/03/2010-ലെ **മറുപടിക്ക്**

സമഗ്ര **ആരോഗ്യ ഇൻഷ്വറൻസ്** പദ്ധതി

ചോദ്യം
ശ്രീ. എൻ. രാജൻ;
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ;
ശ്രീ. എ.കെ. ചന്ദ്രൻ;

ഉത്തരം
ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയുടെ പരിധിയിൽ വരുന്ന 11.79 ലക്ഷം കുടുംബങ്ങൾക്ക് പുറമേ രണ്ട് രൂപയ്ക്ക് അരി ലഭിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകും. എ.പി.എൽ., ബി.പി.എൽ. വ്യത്യാസം പരിഗണിക്കാതെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ആശ്രയ കുടുംബങ്ങൾ, കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിടത്തോട്ടം തുടങ്ങിയ മുഴുവൻ തൊഴിലാളി കുടുംബങ്ങൾ, ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുളള തൊഴിലാളികളുളള കുടുംബങ്ങൾ എന്നിവരെക്കൂടി ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുളളത്. 35 ലക്ഷം കുടുംബങ്ങളെയാണ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(ബി) പദ്ധതിയിൽ ചേരുന്ന ഒരു കുടുംബത്തിലെ അഞ്ച് പേർക്ക് 30,000/- രൂപയുടെ ചികിത്സാ സഹായം ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുളള സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കുന്നു. ആശുപത്രിയിൽ കിടന്നുളള ചികിത്സയ്ക്കാണ് ഈ സൗകര്യം

ലഭിക്കുക. മരുന്നുകൾക്കോ ടെസ്റ്റു കൾക്കോ പണമൊന്നും ഗുണഭോക്താവ് നൽകേണ്ടതില്ല. പുറമേ യാത്രക്കൂലി യായി നൂറ് രൂപയും ലഭിക്കും. യാത്ര ക്കൂലി ഒരു വർഷം പരമാവധി 1000/- രൂപയാണ്. ഈ പദ്ധതിയിൽ ചേരുന്ന തിന് പ്രായപരിധി ഇല്ല. നിലവിലുള്ള അസുഖങ്ങൾക്കും പദ്ധതിയുടെ പ്രയോ ജനം ലഭിക്കും. കുടുംബനാഥ നോ/നാഥയ്ക്കോ അപകടമരണം സംഭവിച്ചാൽ 25000/- രൂപ മരണാനന്തര സഹായമായും അവകാശികൾക്ക് ലഭിക്കും.

വരുംവർഷം 30,000/- രൂപയുടെ പൊതു ആരോഗ്യ പരിരക്ഷ കൂടാതെ ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് എഴുപതിനായിരം രൂപ യുടെ അധികം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടുംബ നാഥനോ/നാഥയ്ക്കോ അപകട മരണം സംഭവിച്ചാൽ 50,000/- രൂപയുടെ പ്രത്യേക മരണാനന്തരസഹായം അവകാശികൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകും. ഗുരുതരമായ തീപ്പൊള്ളലിന് ചികിത്സയ്ക്കായി 50,000/- രൂപയുടെ പ്രത്യേക ധനസഹായം ഇൻഷ്വറൻസ് കമ്പനി നൽകും.

(സി) ഈ പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ?

(സി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന Comprehensive Health Insurance Agency, Kerala (CHIAK) ആണ് പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 280

15.3.2010-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ കമ്പ്യൂട്ടർവൽക്കരണം

ചോദ്യം

ശ്രീ വി. ശിവൻകുട്ടി
ശ്രീ. കെ. കെ. ദിവാകരൻ
ശ്രീ. എ.സി. മൊയ്തീൻ
ശ്രീ.എ. പ്രദീപ് കുമാർ
ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ഉപയോഗപ്രദമല്ലാതെ തുരുമ്പെടുത്തു കിടന്ന 5 വർക്ക്ഷോപ്പുകളും, ആധുനികവൽക്കരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ബസ് ബോഡി നിർമ്മാണം തുടങ്ങി. ഇതിനായി ആധുനിക യന്ത്രങ്ങളും പണി ഉപകരണങ്ങളും വാങ്ങി കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണമുള്ള അക്രഡിറ്റേഷൻ എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. എ.സി. ബസുകളൊഴികെയുള്ള എല്ലാ ഉയർന്ന തരം ബസ്സുകളും കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിൽ നിർമ്മിക്കുന്നുണ്ട്. എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പാക്കി. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നു. ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. അന്തർ ദേശീയ നിലവാരമുള്ള ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു തുടങ്ങി. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; എത്ര ബസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സി. യിലെ പ്രവർത്തനങ്ങളെല്ലാം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ആവശ്യമായ സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും ലഭ്യമാക്കുന്നതിന് കെൽട്രോണിനെ നിയോഗിക്കുകയും വിശദമായ സിസ്റ്റം സ്റ്റഡിക്കുശേഷം ആവശ്യമായ സോഫ്റ്റ് വെയറുകൾ നിർമ്മിച്ച് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (സി) | ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ഏതെല്ലാം ബസ്സുകൾക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്; കൂടുതൽ ബസ് സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ 179 സർവ്വീസുകൾക്കാണ് ഓൺലൈൻറിസർവ്വേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ എല്ലാ യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമൂലം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ (ഇ.ടി.എം.) ഇതിനകം തന്നെ നടപ്പിലാക്കി കഴിഞ്ഞു.<br><br>കണ്ടക്ടർമാരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനും നിലവിലുണ്ടായിരുന്ന സാധാരണ റാക്കും വേ ബില്ലും തയ്യാറാക്കുന്നതിനും അവ ഓഡിറ്റ് ചെയ്യുന്നതിനും വേണ്ടി വരുന്ന മനുഷ്യ പ്രയത്നം കുറയ്ക്കുവാനും സർവ്വീസ് ഓപ്പറേഷനെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ വളരെ വേഗതയിൽ ലഭ്യമാക്കുവാനും പുതിയ സംവിധാനം ഉപകരിക്കുന്നു. ഇന്ത്യയിൽ ആദ്യമായി എല്ലാ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളിലും ഇ.ടി.എം. നടപ്പിലാക്കിയത് കെ.എസ്.ആർ.ടി.സി. യിലാണ്. ഡെൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്ന് സീനിയർ ഉദ്യോഗസ്ഥർ ഇവയെക്കുറിച്ച് പഠിക്കാൻ കെ.എസ്.ആർ.ടി.സി. യിലെത്തുകയും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇതേപ്പറ്റി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്ത് മെച്ചപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 281 15.3.2010-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ പ്രതിമാസ വരുമാനം

ചോദ്യം ഉത്തരം

ശ്രീ എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. കെ.ബാബു
ശ്രീ. വി.ഡി.സതീശൻ

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.യുടെ ശരാശരി പ്രതിമാസ വരുമാനം എത്രയാണെന്ന് അറിയിക്കുമോ; | (എ) | നടപ്പു സാമ്പത്തികവർഷത്തിലെ ഫെബ്രുവരിവരെയുള്ള ശരാശരി കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സിയുടെ പ്രതിമാസ വരുമാനം 96.31 കോടി രൂപയാണ്. |
| (ബി) | കോർപ്പറേഷന്റെ പ്രതിമാസ ശരാശരി ചെലവ് എത്രയെന്നറിയിക്കുമോ; | (ബി) | നടപ്പു സാമ്പത്തികവർഷത്തെ ഫെബ്രുവരിയിലവസാനിച്ച മാസം വരെയുള്ള ശരാശരി ചെലവ് - 124.46 കോടി രൂപയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.എത്ര കോടി രൂപ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്; | (സി) | 2001 മുതൽ 2010 ഫെബ്രുവരി വരെയുള്ള കാലയളവിൽ കെ.ടി.ഡി.എഫ്.സി.യിൽ നിന്നും 1144.92 കോടി രൂപയും ഹഡ്കോയിൽ നിന്ന് 120.946 കോടി രൂപയും, എൽ.ഐ.സി.യിൽ നിന്ന് 75 കോടി രൂപയും കെ.എസ്.റ്റി സൊസൈറ്റിയിൽ നിന്നും 2 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വായ്പയുടെ മുതലും പലിശയിനത്തിലുമായി എത്ര കോടി രൂപ പ്രതിമാസം കോർപ്പറേഷൻ | (ഡി) | വായ്പ എടുത്ത വകയിൽ പ്രതിമാസ തിരിച്ചടവ് മുതലും പലിശയും സഹിതം 21.67 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| | അടയ്ക്കുന്നുണ്ടെന്ന് അറിയിക്കുമോ; | | |
| (ഇ) | പ്രസ്തുത വായ്പ അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2010 ജനുവരി 10-ലെ കണക്കനുസരിച്ച് എത്ര തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും ഇങ്ങനെ കുടിശ്ശിക വരാനുള്ള കാരണവും വ്യക്തമാക്കുമോ? | (ഇ) | വായ്പ തിരിച്ചടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 282 — 15.03.2010 ൽ മറുപടിയ്ക്ക്

### മെഗാ താപനിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് സ്ഥാപിക്കുന്ന മെഗാ താപനിലയത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1320 MW (660 x 2) MW ശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന ഒരു താപനിലയവും, (1000-1100 MW) ശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള പദ്ധതിയും നടപ്പിലാക്കാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്. |
| (ബി) പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (ബി) പദ്ധതിക്കുവേണ്ടി ചീമേനിയിൽ 2000 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അടുത്ത 6 മാസത്തിനകം നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) എത്ര മെഗാവാട്ട് വൈദ്യുതി പ്രസ്തുത താപനിലയത്തിൽ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;<br>(ഡി) താപനിലയത്തിൽ ഏതെല്ലാം ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്; | (സി) & (ഡി) 1320 MW ശേഷിയുള്ള പദ്ധതിക്ക് കൽക്കരിയും, (1000-1100 MW)വരെ ശേഷിയുള്ള പദ്ധതിക്ക് പ്രകൃതിവാതകവും ഇന്ധനമായി ഉപയോഗിക്കാൻ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായമായി എത്ര കോടി രൂപ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകം കേന്ദ്ര സഹായം ഇല്ല. |

S. Malathy
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 283

15-3-2010 - ൽ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ വൈവിധ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. ബാബു പോൾ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സഹകരണ സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടിയുടെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സാമ്പത്തിക സഹായത്തോടെ 175 കോടി രൂപ മുതൽ മുടക്കുള്ള 'വിഷൻ 2011' എന്ന വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) വിഷൻ 2011-ലൂടെ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | കൺസ്യൂമർ ഫെഡറേഷന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി 35 വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാണ് വിഷൻ 2011 ലക്ഷ്യമിടുന്നത്. വിഷൻ 2011 ലൂടെ ലക്ഷ്യമിടുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:284 15-3-2010 ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ പവ്വർ ഹൗസുകളുടെ നവീകരണം

ചോദ്യം
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി
" പി.കെ. അബ്ദുറബ്ബ്

മറുപടി
ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ പവ്വർ ഹൗസുകളുടെ നവീകരണം നടത്തുന്നതിനുള്ള സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് നവീകരണ നടപടികൾ സമയത്തുതന്നെ നടത്തുന്നുണ്ടോ;

എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം 35 വർഷത്തിനു മുകളിൽ പഴക്കമുള്ള പദ്ധതികൾക്കാണ് സാധാരണയായി നവീകരണ പ്രവർത്തനങ്ങൾ നടത്താറുള്ളത്. എങ്കിലും ഓരോ പദ്ധതിയുടെയും RLA (Residual Life Assessment Study) പഠനം നടത്തി ഉപകരണ സംവിധാനങ്ങളുടെ തത്സമയത്തെ പ്രവർത്തനശേഷി പരിശോധിച്ചതിന് ശേഷമാണ് നവീകരണം നടത്തേണ്ട സമയത്തെ കുറിച്ച് തീരുമാനമെടുക്കുന്നത്. പള്ളിവാസൽ, ചെങ്കുളം, നേരിയമംഗലം, പന്നിയാർ, ശബരിഗിരി എന്നീ നിലയങ്ങൾ താഴെ പറയും പ്രകാരം നവീകരിച്ചിട്ടുണ്ട്.

| വൈദ്യുതി നിലയം | കമ്മീഷൻ ചെയ്ത വർഷം | നവീകരണം പൂർത്തിയായ വർഷം |
|---|---|---|
| പള്ളിവാസൽ | യൂണിറ്റ് 1 -1940 | യൂണിറ്റ് 1 - 2001 |
| | യൂണിറ്റ് 2- 1941 | യൂണിറ്റ് 2 - 2001 |
| | യൂണിറ്റ് 3- 1942 | യൂണിറ്റ് 3 - 2001 |
| | യൂണിറ്റ് 4- 1948 | യൂണിറ്റ് 4 -2002 |
| | യൂണിറ്റ് 5- 1949 | യൂണിറ്റ് 5 -2002 |
| | യൂണിറ്റ് 6- 1951 | യൂണിറ്റ് 6 -2002 |
| ചെങ്കുളം | യൂണിറ്റ് 1- 1954 | യൂണിറ്റ് 1 -2001 |
| | യൂണിറ്റ് 2- 1954 | യൂണിറ്റ് 2 - 2001 |
| | യൂണിറ്റ് 3- 1954 | യൂണിറ്റ് 3 -2002 |
| | യൂണിറ്റ് 4- 1955 | യൂണിറ്റ് 4 -2002 |
| പന്നിയാർ | യൂണിറ്റ് 1 -1963 | യൂണിറ്റ് 1 -2001 |
| | യൂണിറ്റ് 2-1964 | യൂണിറ്റ് 2-2003 |
| നേരിയ മംഗലം | യൂണിറ്റ് 1 - 1961 | യൂണിറ്റ് 1 -2004 |
| | യൂണിറ്റ് 2 -1961 | യൂണിറ്റ് 2-2005 |
| | യൂണിറ്റ് 3 -1963 | യൂണിറ്റ് 3 -2006 |
| ശബരിഗിരി | യൂണിറ്റ് 1 -1966 | യൂണിറ്റ് 1 - 2009 |
| | യൂണിറ്റ് 2 -1966 | യൂണിറ്റ് 2 -2009 |
| | യൂണിറ്റ് 3- 1966 | യൂണിറ്റ് 3 -2008 |
| | യൂണിറ്റ് 4 -1967 | യൂണിറ്റ് 4 -2007 |

| | | |
|---|---|---|
| | യൂണിറ്റ് 5 -1967 | യൂണിറ്റ് 5 -2006 |
| | യൂണിറ്റ് 6- 1967 | യൂണിറ്റ് 6 -2005 |

- 1957 -ൽ കമ്മീഷൻ ചെയ്ത പൊരിങ്ങൽകുത്ത് പവ്വർഹൗസിന്റെ നവീകരണം 11 -ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.
- 1966 -ൽ കമ്മീഷൻ ചെയ്ത കുറ്റ്യാടി പവ്വർ ഹൗസിന്റെ നവീകരണം 12 -ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- 1976 ൽ കമ്മീഷൻ ചെയ്ത ഇടുക്കി പവ്വർഹൗസിന്റെ ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ 12 -ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബി) ഇല്ലെങ്കിൽ ഏതെല്ലാം പവ്വർ ഹൗസുകളുടെ നവീകരണമാണ് സമയം കഴിഞ്ഞിട്ടും നടക്കാതിരിക്കുന്നത്;

സി) നവീകരണം സമയത്ത് നടക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

ബി) & സി) ഓരോ പഞ്ചവത്സര പദ്ധതി കാലത്തും നവീകരിക്കപ്പെടേണ്ട വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് കാലേക്കൂട്ടി നിശ്ചയിക്കുന്നത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയാണ്. 1957 ൽ കമ്മീഷൻ ചെയ്ത പൊരിങ്ങൽ കുത്ത് പവ്വർഹൗസിന്റെയും 1960 ൽ കമ്മീഷൻ ചെയ്ത ഷോളയാർ പവ്വർഹൗസിന്റെയും നവീകരണം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ 11 -ാം പഞ്ചവത്സരക്കാലത്ത് (2007-12) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

കാലാകാലങ്ങളിൽ ഉപകരണ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത Central Power Research Institute (CPRI) കെ.എസ്.ഇ.ബി യുടെ Power Equipment Testing Unit (PET) തുടങ്ങിയവയുടെ സേവനം ലഭ്യമാക്കി വിലയിരുത്തുകയും അറ്റകുറ്റപണികൾ വേണ്ടവിധം നടത്തുകയും ചെയ്തു വരുന്നതിനാൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിട്ടില്ല.

ഡി) പവ്വർ ഹൗസുകളിൽ കാലപ്പഴക്കം കൊണ്ട് പ്രവർത്തനക്ഷമമല്ലാതായ ഉപകരണങ്ങൾക്ക് പകരം മാറ്റിയിട്ടുള്ളത് നിലവാരം കുറഞ്ഞവയാണെന്നും ഇത്തരം ഉപകരണ സംവിധാനം കൈകാര്യം ചെയ്യുന്നത് അപകടകരമായ ജോലിയാണെന്നും ജീവനക്കാർ പരാതിപ്പെട്ടിട്ടുണ്ടോ;

ഡി) അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ) മതിയായ പരിശീലനം നൽകി മാത്രമേ പവ്വർഹൗസുകളിലെ ഉപകരണ സംവിധാനം കൈകാര്യം ചെയ്യുവാൻ ജീവനക്കാരെ നിയമിക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം തീരുമാനമെടുക്കുമോ?

ഇ) തീരുമാനിച്ചിട്ടുണ്ട്. പവ്വർഹൗസുകളിൽ ഉപകരണസംവിധാനങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി ഓപ്പറേറ്റർമാർക്ക് 15 മാസം ദൈർഘ്യമുള്ള പരിശീലനവും ഇടക്കാല പരിശീലനങ്ങളും നൽകിവരുന്നു. കൂടാതെ കെ.എസ്.ഇ.ബിയ്ക്ക് പുറത്തുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരെ അയച്ച് കൂടുതൽ വിദഗ്ദ്ധ പരിശീലനവും നൽകി വരുന്നു. പവ്വർഹൗസിലെ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ആവശ്യമായ മാന്വലുകളും പവ്വർഹൗസിൽ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 285 — 15.03.2010 ൽ മറുപടിക്ക്

### സഹകരണ മേഖലയിലെ നിക്ഷേപവും വായ്പാ പദ്ധതികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.എം.പ്രദീപ് കുമാർ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ. എം.എം.മോനായി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | 2009 മാർച്ച് മാസത്തിലെ സഹകരണ മേഖലയിലെ നിക്ഷേപസമാഹരണ യജ്ഞത്തിന്റെ നിക്ഷേപ ലക്ഷ്യം എത്രയായിരുന്നു; | എ) | 2009 മാർച്ച് 1 മുതൽ 31 വരെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ സംഘടിപ്പിച്ച 30-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സംസ്ഥാനത്തൊട്ടാകെ സഹകരണ മേഖലയിൽ 1250 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. |
| ബി) | എത്ര കോടി രൂപ നിക്ഷേപമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | ബി) | 4549.37 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിക്കുന്നതിന് കഴിഞ്ഞു. |
| സി) | നിക്ഷേപ വർദ്ധനയുടെ തോതനുസരിച്ച് വായ്പാ വിതരണം വർദ്ധിച്ചിട്ടുണ്ടോ; | സി) | നിക്ഷേപ വർദ്ധനവിന് ആനുപാതികമായി വായ്പാ വിതരണവും വർദ്ധിച്ചിട്ടുണ്ട്. |
| ഡി) | പുതുതായി എന്തെല്ലാം വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ചു എന്നു വെളിപ്പെടുത്തുമോ; | ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ സംസ്ഥാനത്തൊട്ടാകെ ബാധകമാകത്തക്ക വിധത്തിൽ പ്രധാനമായും ചുവടെ പറയുന്ന വായ്പാ പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി.<br>1. ഇ.എം.എസ്. ഭവന പദ്ധതി.<br>2. മംഗല്യസൂത്ര വായ്പ.<br>3. സ്വർണ്ണപ്പണയ കാർഷിക വായ്പ.<br>4. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് കോഴി/താറാവ്/മത്സ്യം വളർത്തുന്നതിന് വായ്പ. |

5. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് ആട്/മാട് വളർത്തുന്നതിന് വായ്പ.
6. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ.
7. വിദ്യാഭ്യാസ വായ്പ (പ്രൊഫഷണൽ വിദ്യാഭ്യാസം).
8. കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്നതിന് വായ്പ.
9. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ.
10. നെൽകൃഷിക്കുള്ള പലിശരഹിത വായ്പാ പദ്ധതി.

ഇതിനു പുറമേ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും വ്യക്തികൾക്ക് വിതരണം ചെയ്യാവുന്ന കാർഷിക വായ്പകളുടെ പരിധി 10 ലക്ഷം രൂപയായും കാർഷികേതര വായ്പ കളുടെ വ്യക്തിഗത പരിധി പരമാവധി 15 ലക്ഷം രൂപയായും, ജില്ലാ സഹകരണ ബാങ്കുകൾ, നബാർഡ് നിബന്ധനകൾക്ക് വിധേയമായി അനുവ ദിക്കുന്ന വായ്പകളുടെ പരിധി 25 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് നിർദ്ദേ ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ അംഗങ്ങളുടെ/സഹകാരി കളുടെ കാർഷികവും കാർഷികേതരവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിന് സഹ കരണ സംഘങ്ങൾ/ബാങ്കുകൾ തനതായ വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ച് രജിസ്ട്രാ റുടെ അംഗീകാരത്തോടെ നടപ്പാക്കാറുണ്ട്.

ഇ) കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സ്വീകരിച്ച നട പടികൾ വ്യക്തമാക്കുമോ ?

ഇ) കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകു കയും ആയത് വിലയിരുത്തുകയും ചെയ്യു ന്നുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷികവിള വായ്പകൾക്ക് 7 ശതമാനം പലിശ നിരക്ക് നിശ്ചയിച്ച് രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകി യിട്ടുണ്ട്. മതിയായ തോതിൽ നബാർഡ് പുനർവായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ

കമ്മിറ്റിയുടെ വായ്പാ തോതിന് വിധേയമായി സ്വർണ്ണപ്പണയ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നു. നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകർക്കുള്ള ഒരു ശതമാനം പലിശ ഇളവും, സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾക്ക് 2 ശതമാനം ഉൾപ്പെടെ 3 ശതമാനം പലിശ സബ്‌വെൻഷനും അനുവദിക്കുന്നു. നാളികേര കൃഷി, കുരുമുളക്, മറ്റ് പ്ലാന്റേഷൻ ആവശ്യങ്ങൾ, കാർഷിക അനുബന്ധ ആവശ്യങ്ങൾ, കോഴി, താറാവ്, മീൻ വളർത്തൽ, കന്നുകാലി വളർത്തൽ എന്നിവയ്ക്കും സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വായ്പാ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

Rajendran

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 286 15. 03. 2010 ൽ മറുപടിയ്ക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.കെ.ഷാജു | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടക്കുന്ന നിയമനങ്ങളിൽ സീനിയോറിറ്റിയും വെയിറ്റേജും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും രജിസ്ട്രന്റ്സിന് നിയമനം നൽകുന്നില്ല. ഉദ്യോഗദായകൻ ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് അർഹരായ രജിസ്ട്രന്റ്സിനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും ചെയ്യുന്നത്. നിയമന നടപടികൾ സ്വീകരിക്കുന്നത് ഉദ്യോഗദായകരാണ്. സീനിയോറിറ്റി ലംഘിച്ച് ഉദ്യോഗദായകന് രജിസ്ട്രന്റ്സിനെ നാമനിർദ്ദേശം ചെയ്തത് സംബന്ധിച്ച ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കോട്ടയം റബ്ബർ ബോർഡിലെ ഫീൽഡ് സ്റ്റാഫ് ഒഴിവിലേയ്ക്ക് അർഹരായ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി മറികടന്ന് രജിസ്ട്രന്റ്സിനെ നാമനിർദ്ദേശം ചെയ്തു.<br><br>2) കേരള നിയമസഭാസെക്രട്ടേറിയറ്റിൽ നിന്നും അറിയിച്ച പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകളിലേയ്ക്ക് ഓപ്പൺ പ്രയോറിറ്റി വിഭാഗത്തിൽ നടത്തിയ സെലക്ഷനിൽ സീനിയറായ രജിസ്ട്രന്റ്സിനെ മറികടന്ന്, ജൂനിയറായ രജിസ്ട്രന്റ്സിനെ നാമനിർദ്ദേശം ചെയ്തു<br>3)തളിപ്പറമ്പ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഉദയഗിരി ഗ്രാമ പഞ്ചായത്ത്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ആയുർവേദ |

ജില്ലാ മെഡിക്കൽ ഓഫീസ്, ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്) എന്നിവിടങ്ങളിൽ നിന്നും അറിയിച്ച പി.ടി. സ്വീപ്പർമാരുടെ ഒഴിവിലേക്കും തളിപ്പറമ്പ് മുനിസിപ്പൽ സെക്രട്ടറി അറിയിച്ച ദിവസക്കൂലി ശുചീകരണ തൊഴിലാളികളുടെ ഒഴിവിലേയ്ക്കും സീനിയോറിറ്റി മറികടന്ന് രജിസ്ട്രന്റ്സിനെ നാമനിർദ്ദേശം ചെയ്തു

4) ഹരിപ്പാട് കേരള വാട്ടർ അതോറിറ്റി സബ് ഡിവിഷനിൽ നിന്ന് ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച പമ്പ് ഓപ്പറേറ്ററുടെ ഒഴിവിലേക്ക്, ധീവര സംവരണ വിഭാഗത്തിൽപ്പെട്ട ശ്രീ. നവീൻകുമാർ എന്ന രജിസ്ട്രന്റിന്റെ സീനിയോറിറ്റി 4.4.2005 മാത്രമായിരിക്കെ, 26.6.2000 എന്ന് രേഖപ്പെടുത്തി സെലക്ഷൻ നടത്തി.

| | | | |
|---|---|---|---|
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ആധുനികവൽക്കരിച്ച് സ്വകാര്യ മേഖലയിൽ ഉൾപ്പെടെ വിവിധ ജോലികൾക്ക് ഉദ്യോഗാർത്ഥികളെ നൽകുന്നതിന് എന്തൊക്കെ നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിച്ച് ഡാറ്റാ ഡിജിറ്റൈസ് ചെയ്ത് വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത്, എല്ലാ ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കി, സ്വകാര്യ മേഖലയിലെ തൊഴിലവസരം കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനവസരം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 287 — 15/03/2010-ലെ മറുപടിക്ക്

## നിയമംമൂലം രൂപം നൽകിയിട്ടുള്ള തൊഴിലാളി ക്ഷേമനിധികൾ


ചോദ്യം
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം
ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)


(എ) സംസ്ഥാനത്ത് നിയമംമൂലം രൂപം നൽകിയിട്ടുള്ള തൊഴിലാളി ക്ഷേമനിധികൾ ഏതെല്ലാമാണ് ;

(ബി) ഈ ക്ഷേമനിധികളിലേക്ക് തൊഴിലാളികളും തൊഴിൽ ഉടമകളും, ഗവൺമെന്റും നൽകുന്ന വിഹിതം എത്രവീതമാണ്;

(എ & ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ നിയമം മൂലം രൂപീകൃതമായിട്ടുള്ള തൊഴിലാളി ക്ഷേമനിധികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഈ വിഹിതം വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഈ നിധികളിലേയ്ക്ക് തൊഴിലാളികൾ നൽകുന്ന വിഹിതത്തിനുതുല്യമായി ഗവൺമെന്റ് വിഹിതം വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി, ഡി & ഇ) തൊഴിലാളി, തൊഴിലുടമ, സർക്കാർ വിഹിതം എല്ലാ ക്ഷേമനിധിയിലും ഒരേ നിരക്കിലല്ല. ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമാണ് ഇവ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. തൊഴിലാളി, തൊഴിലുടമ, സർക്കാർ വിഹിതത്തിൽ മാറ്റം/വർദ്ധനവ് ആവശ്യപ്പെട്ട് ബന്ധപ്പെട്ട ബോർഡുകൾ തീരുമാനമെടുത്ത് സർക്കാരിന് സമർപ്പിക്കുന്ന ശുപാർശകൾ സർക്കാർ പരിഗണിക്കാറുണ്ട്.

(എഫ്) ഈ നിധികളിൽ നിന്നും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

(എഫ്) ക്ഷേമനിധികളുടെ ശുപാർശയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് കാലകാലങ്ങളിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 288 — 15-03-2010-ൽ മറുപടിക്ക്.

# കള്ളുചെത്തു വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>" എം. ചന്ദ്രൻ<br>" എം. ഹംസ<br>" സാജു പോൾ<br>" ടി. പി. കുഞ്ഞുണ്ണി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കള്ളുചെത്തു വ്യവസായം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) തൊഴിലധിഷ്ഠിത വ്യവസായമെന്ന പരിഗണന നൽകി കള്ളു ചെത്തു വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) കള്ളുഷാപ്പുകളുടെ റെന്റൽ തുക പരമാവധി കുറച്ച്, വ്യവസായം നടത്തിക്കൊണ്ടു പോകത്തക്ക രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. കള്ള് ഷാപ്പ് നടത്തി പരിചയമുള്ളവർക്ക് കള്ള്ഷാപ്പ് വില്പനയിൽ മുൻഗണന നൽകുന്നു. കള്ള് ഷാപ്പുകൾ വിറ്റുപോകാത്ത സാഹചര്യത്തിൽ, കള്ളുഷാപ്പുകളുടെ റെന്റൽ തുക 500 രൂപയാക്കി തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുന്നു. ഒരു കള്ളുഷാപ്പിൽ മിനിമം ചെത്തേണ്ട വൃക്ഷങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) കള്ളുവ്യവസായത്തിൽ നിന്നും ബിനാമികളെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കള്ളുവ്യവസായത്തിൽ ബിനാമികളെ അനുവദിക്കാറില്ല. |
| (ഡി) സഹകരണ സംഘം വഴിയുള്ള കള്ളുചെത്ത് ഏതെല്ലാം ജില്ലകളിൽ നടക്കുന്നു; ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുമോ; | (ഡി) കാസർകോട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലും, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, മാമല, പിറവം എന്നീ റെയിഞ്ചുകളിലും സഹകരണ സംഘം വഴിയുള്ള കള്ള് ചെത്ത് നടന്നു വരുന്നു. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടില്ല. |
| (ഇ) വാജകള്ള് വില്പന ഫലപ്രദമായി തടയുന്നതിനു നടപടി സ്വീകരിക്കുമോ? | (ഇ) വാജകള്ള് വില്പനയ്ക്കെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 289</u>

<u>15-3-2010 - ൽ മറുപടിയ്ക്ക്</u>

## <u>ത്രിവേണി സൂപ്പർമാർക്കറ്റുകളുടെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എം. എം. മോനായി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ത്രിവേണി സൂപ്പർമാർക്കറ്റുകളുടെ പ്രവർത്തനത്തിൽ എന്തുമാത്രം വളർച്ച ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം ത്രിവേണി സൂപ്പർമാർക്കറ്റുകളുടെ പ്രവർത്തനത്തിന്റെയും വളർച്ചയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഈ സർക്കാർ അധികാരമേറ്റപ്പോൾ നിലവിലുണ്ടായിരുന്ന ത്രിവേണികൾ --67 എണ്ണം<br><br>2) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചവ -- 50 എണ്ണം<br><br>3) ഈ സർക്കാരിന്റെ കാലത്ത് ആധുനികവൽക്കരിച്ചവ - 9 എണ്ണം<br><br>4) പ്രവർത്തനം നിർത്തിയവ- 7 എണ്ണം<br><br>5) ഇപ്പോൾ ത്രിവേണികൾ നിലവിലുള്ള നിയോജക മണ്ഡലങ്ങൾ --75 എണ്ണം<br><br>6) ഇപ്പോൾ ത്രിവേണികളുടെ പണി നടന്നുകൊണ്ടിരിക്കുന്ന |

മണ്ഡലങ്ങളുടെ എണ്ണം --43

7) ഇനി ത്രിവേണികൾ ആരംഭിക്കുവാൻ ബാക്കി നിൽക്കുന്ന മണ്ഡലങ്ങളുടെ എണ്ണം --22

| | |
|---|---|
| (ബി) ത്രിവേണി സൂപ്പർമാർക്കറ്റുകളുടെ കഴിഞ്ഞ നാലു വർഷത്തെ വിറ്റു വരവ് കണക്ക് വെളിപ്പെടുത്തുമോ; | ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ കഴിഞ്ഞ നാല് വർഷക്കാലത്തെ വിറ്റു വരവ് കണക്ക് ചുവടെ ചേർക്കുന്നു.<br><br>2005--2006-57 കോടി 6 ലക്ഷം രൂപ<br>2006-2007 - 60 കോടി 98 ലക്ഷം രൂപ<br>2007-2008-78 കോടി 91 ലക്ഷം രൂപ<br>2008-2009 -99 കോടി 85 ലക്ഷം രൂപ<br>2009-2010-133 കോടി 67 ലക്ഷം രൂപ<br>(ഏപ്രിൽ മുതൽ ഫെബ്രുവരി വരെ) |
| (സി) നഗരങ്ങളിലും മലയോരപ്രദേശങ്ങളിലും സഞ്ചരിക്കുന്ന കൂടുതൽ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | സ്വീകരിക്കുന്നതാണ്.<br>കൊല്ലം, നെടുങ്കണ്ടം എന്നിവിടങ്ങളിൽ റോഡുമാർഗ്ഗം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br>കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ മലയോര പ്രദേശങ്ങളിൽ ഓരോ സഞ്ചരിക്കുന്ന ത്രിവേണിയും ഉടൻ തന്നെ സജ്ജീകരിക്കുന്നതാണ്. |
| (ഡി) കുട്ടനാട് പ്രദേശത്ത് ആരംഭിച്ച ഒഴുകുന്ന ത്രിവേണി സൂപ്പർമാർക്കറ്റ് സാധാരണ ജനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | റോഡ് മാർഗ്ഗമുള്ള ഗതാഗത സൗകര്യം കുറഞ്ഞ കുട്ടനാട്ടിലെ ജനങ്ങൾ പരമ്പരാഗതമായ ചെറു വഞ്ചികളിലാണ് അവരവരുടെ സമീപപ്രദേശങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചിരുന്നത്. ചങ്ങനാശ്ശേരി, ആലപ്പുഴ തുടങ്ങിയ പട്ടണങ്ങളെ ആശ്രയിച്ചാണ് കൂടുതൽ അളവിലുള്ള ഷോപ്പിംഗുകൾ നടത്തിയിരുന്നത്. |

ഇതിന് പരിഹാരമായിട്ടാണ് ഫെഡറേഷൻ ഫ്ലോട്ടിംഗ് ത്രിവേണി ആരംഭിച്ചത്. 1000 സ്ക്വയർ ഫീറ്റിൽ ഗുണമേന്മയുള്ള 2000 ത്തിലധികം അവശ്യസാധനങ്ങൾ ആവശ്യമായ അളവിൽ സംഭരിച്ച് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൂടാതെ കുട്ടനാട്ടിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും 39 ജെട്ടികളിലും നിശ്ചിത ഇടവേളകളിൽ ഫ്ലോട്ടിംഗ് ത്രിവേണി മാർക്കറ്റ് മുഖേന നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നു. ഓരോ ജെട്ടികളിലും അതിനടുത്തുള്ള പ്രദേശങ്ങളിലെ ആളുകൾ കൂട്ടം കൂട്ടമായി എത്തി ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറിന്റെ വിപുലമായ ഷോപ്പിംഗ് സൗകര്യങ്ങൾ ഉപയോഗിച്ചു വരുന്നു. ഉത്സവ കാലങ്ങളിൽ മറ്റ് യൂണിറ്റുകളിൽ നടത്തുന്ന സബ്സിഡി വിൽപ്പന ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറിലും ലഭ്യമാണ്. ഒരേ സമയം 50 പേർക്ക് വരെ ഷോപ്പിംഗ് നടത്തുന്നതിനുള്ള സൗകര്യമുള്ളതിനാൽ തിരക്കില്ലാതെയും സമയനഷ്ടം ഇല്ലാതെയും സാധനങ്ങൾ വാങ്ങാൻ ഉപഭോക്താക്കൾക്ക് സാധിക്കുന്നുണ്ട്. ഒഴുകുന്ന ത്രിവേണിയിൽ ആകെ 80 ലക്ഷം രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. മറ്റ് കായലോര വാസികളും ഇപ്രകാരത്തിലുള്ള ഷോപ്പിന് ശക്തമായ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഇ) | സംസ്ഥാനത്ത് കൂടുതൽ ത്രിവേണി മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 290    15.03.2010-ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീമതി.ജെ.അരുന്ധതി: | ശ്രീ.എ.കെ.ബാലൻ<br>പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി. |

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്;

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സ്വയം തൊഴിൽ വായ്പ
2) വനിതകൾക്കുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ
3) സ്വയംസാക്ഷം വായ്പ
4) സന്നദ്ധ സംഘടനകൾ വഴിയുള്ള ലഘു വായ്പ
5) വിദ്യാഭ്യാസ വായ്പ
6) പെൺകുട്ടികളുടെ വിവാഹ സഹായ വായ്പ
7) സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഇരു ചക്ര വാഹന വായ്പ
8) സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ
9) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള ഭവന പുനരുദ്ധാരണ വായ്പ
10) വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ളവായ്പ

11) ഇൻസ്റ്റിറ്റ്യൂട്ട് / ഫ്രാൻചൈസി ഡെവലപ്മെൻറ് വായ്പ
12) സുവർണ്ണശ്രീ (വിവിധോദ്ദേശ)വായ്പ
13) പ്രവർത്തന മൂലധന വായ്പ
14) ഭവനശ്രീ വായ്പ (പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്)
15) വിദേശത്ത് ജോലി തേടി പോകുന്നവർക്കുള്ള വായ്പ
16) കാർഷിക വായ്പാ പദ്ധതി
17) വിദ്യാശ്രീ വായ്പാ പദ്ധതി

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ വർഷം കോർപ്പറേഷൻ എത്ര രൂപ വായ്പ അനുവദിച്ചു; | (ബി) | 120.17 കോടി രൂപ |
| (സി) | ഈ സർക്കാർ വന്ന ശേഷം കോർപ്പറേഷൻ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്; | (സി) | 1) സുവർണ്ണശ്രീ വായ്പാ പദ്ധതി<br>2) കാർഷിക വായ്പാ പദ്ധതി<br>3) പ്രവർത്തന മൂലധന വായ്പാ പദ്ധതി<br>4) വിദ്യാശ്രീ വായ്പാ പദ്ധതി<br>5) ഭവനശ്രീ വായ്പാ പദ്ധതി |
| (ഡി) | സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര കോടി രൂപ വായ്പ അനുവദിച്ചു എന്നും എത്ര പേർ ഇതിൻെറ ഗുണഭോക്താക്കളായി എന്നും വെളിപ്പെടുത്തുമോ; | (ഡി) | കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 169.05 കോടി രൂപ 26126 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം വിതരണം ചെയ്തു. |
| (ഇ) | കോർപ്പറേഷൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കോർപ്പറേഷൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ പരിഗണനയിലുണ്ട്.<br>1) കുടുംബശ്രീ CDS- കൾ മുഖേനയുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി<br>2) ഉപജില്ലാ ആഫീസുകൾ തുറക്കാൻ പദ്ധതി. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 291

15.03.2010 - ൽ മറുപടിയ്ക്ക്

## "സംയോജിത സഹകരണ വികസന പദ്ധതി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ശക്തൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സംയോജിത സഹകരണ വികസന പദ്ധതി ഏതെല്ലാം സഹകരണ സംഘങ്ങളിലൂടെയാണ് നടപ്പാക്കുന്നത് ; | (എ) സംയോജിത സഹകരണ വികസന പദ്ധതി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ, കയർ, വ്യവസായ, ക്ഷീര, മത്സ്യ സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണസംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ തുടങ്ങിയ സംഘങ്ങളിലൂടെ നടപ്പിലാക്കുന്നു. |
| (ബി) ഈ പദ്ധതി നടപ്പാക്കുവാൻ വേണ്ടി ദേശീയ സഹകരണ വികസന കോർപ്പറേഷൻ ( എൻ.സി.ഡി.സി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) സംയോജിത സഹകരണ വികസന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത് തിരുവനന്തപുരം, വയനാട് ജില്ലകളിൽ ആണ്. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി അനുവദിച്ചിട്ടുള്ള തുക 1355.56 ലക്ഷം രൂപയാണ്. വയനാട് ജില്ലയിൽ പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി അനുവദിച്ചിട്ടുള്ള തുക 965.48 ലക്ഷം രൂപയാണ്. സംയോജിത സഹകരണ വികസന പദ്ധതി അനുസരിച്ച് കേരളത്തിൽ എൻ.സി.ഡി.സി നാളിതുവരെ അനുവദിച്ചിട്ടുള്ള ആകെ തുക 16947.939 ലക്ഷം രൂപ ആണ്. |

| | | |
|---|---|---|
| (സി) | ഈ പദ്ധതിയിലൂടെ എന്തെല്ലാം (സി) വികസന പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ? | സഹകരണസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുമുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം, എന്നിവയുടെ വികസനത്തിനും, നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവ ശേഷി വികസനത്തിനുള്ള പരിശീലനം എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വികസന പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 292 — 15.3.2010- ലെ മറുപടി

## കോൺട്രാക്ട് കാര്യേജുകളുടെ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. കെ. രാജു<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി |
| എ) കോൺട്രാക്ട് കാര്യേജുകളുടെ രജിസ്ട്രേഷന് എത്ര സ്ലാബുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഓരോ സ്ലാബിന്റേയും നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | എ) കോൺട്രാക്ട് കാര്യേജുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷൻ ഫീസിലും ടാക്സിലുമുള്ള സ്ലാബ് നിരക്കുകൾ അനുബന്ധമായി വെച്ചിരിക്കുന്നു. |
| ബി) ഇത്തരം രജിസ്ട്രേഷനുകളിൽ സീറ്റുകളുടെ എണ്ണം കുറച്ചു കാണിച്ച് തട്ടിപ്പുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) പ്രസ്തുത തട്ടിപ്പുകൾമൂലം അപകടം നടക്കുമ്പോൾ ഇൻഷുറൻസ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനാൽ ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | ബി യും സി യും<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 293

15.03.2010- ലെ
മറുപടിക്ക്

## കയർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. വിശ്വൻ**<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. എം.കെ. പുരുഷോത്തമൻ**<br>**ശ്രീ. സി.കെ. സദാശിവൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കയർ മേഖലയുടെ വളർച്ചയും വികസനവും ലക്ഷ്യമാക്കി കയർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്.; | **(എ) കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.**<br>❖ തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /തൊണ്ട് സംഭരണ സംഘങ്ങൾ /കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് / സബ്സിഡി നൽകുക.<br>❖ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.<br>❖ സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുക, പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുക. സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം സർക്കാർ നൽകണം. കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.<br>❖ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക. |

| | |
|---|---|
| | ❖ വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.<br>❖ അനുപം ലും അനുഗ്രഹ ലും എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.<br>❖ അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക<br>❖ കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>❖ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.<br>❖ കയർതൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുക. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.<br>❖ റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുന്നു.<br>❖ കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുക.<br>❖ കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്. കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.<br>❖ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.<br>❖ ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക. |

| | |
|---|---|
| | ❖ ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.<br>❖ ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ റ്റി ഐ കൾ എന്നിവയിൽ ഉൾപ്പെടുത്തുക.<br>❖ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.<br>❖ കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രൊജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.<br>❖ വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.<br>❖ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>❖ കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക. വൈവിധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.<br>❖ കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.<br>❖ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.<br>❖ കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക. |

| | |
|---|---|
| (ബി) ശുപാർശകൾ നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) കയർ മേഖലയുടെ സമഗ്ര പുരോഗതിയും പുന:സംഘടനയും ലക്ഷ്യമാക്കി കയർ മന്ത്രിയുടെ നിർദ്ദേശ പ്രകാരം കയർ വകുപ്പ് നിയമിച്ച കയർ കമ്മീഷൻ നൽകിയ റിപ്പോർട്ട് അംഗീകരിക്കുകയും ആയതിലെ പ്രധാന ശുപാർശകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിയ്ക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>• ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കൽ/ നവീകരണം/ തൊണ്ട് സംഭരണം -1900 ലക്ഷം<br>• വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്/ ട്രാൻസ്പോർട്ടേഷൻ - 1000 ലക്ഷം<br>• കയർ തൊഴിലാളികൾക്ക് /ചെറുകിട ഉല്പാദകർക്ക്/ സംഘങ്ങൾക്ക് കടാശ്വാസ പദ്ധതി -200 ലക്ഷം<br>• കയർ മാർക്കറ്റിംഗ് കൺസോർഷ്യം /മാർക്കറ്റിംഗ് കമ്പനി -200 ലക്ഷം<br>• കയർ വ്യവസായത്തിന് അപെക്സ് ബോഡി -10 ലക്ഷം<br>കയർ സഹകരണ സംഘങ്ങളിൽ<br>• സർക്കാരിന്റെ ഓഹരി പങ്കാളിത്തം -125 ലക്ഷം<br>• കയർ മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി -200 ലക്ഷം<br>• ആലപ്പുഴയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ പ്രവർത്തനങ്ങൾക്കായി കയർ വികസന അഡീഷണൽ ഡയറക്ടറെ സ്പെഷ്യൽ ആഫീസറായി നിയമിച്ചു. വിശദമായ പ്രോജക്ട് റിപ്പോർട്ട് INKEL മുഖേന തയ്യാറാക്കി സമർപ്പിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾക്കായിട്ടുള്ള തുക ഈ വർഷം തന്നെ സ്പെഷ്യൽ ആഫീസർക്കു കൈമാറാൻ നടപടി സ്വീകരിച്ചു വരുന്നു. കയർഫെഡിന്റെയും, ഒരു മാറ്റ്സ് & മാറ്റിംഗ്സ് സംഘത്തിന്റെയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.<br>• രണ്ടിലധികം തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ എല്ലാ കയർ പ്രോജക്ട് |

പ്രദേശത്തും രൂപീകരിച്ചു. കൂടാതെ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പച്ചത്തൊണ്ട് സംഭരണ പദ്ധതി പ്രകാരം ലഭ്യമാകുന്ന പച്ചത്തൊണ്ട് ശേഖരിക്കുവാൻ കയർഫെഡിനെ ചുമതലപ്പെടുത്തി.

- ഡീഫൈബറിംഗ് മില്ലുകൾ വ്യാപകമാക്കുക എന്ന ലക്ഷ്യത്തിലേയ്ക്കായി മൊബൈൽ മാതൃകയിലുള്ള ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനു NCRMI - യെ ചുമതലപ്പെടുത്തി.
- പുനരുദ്ധരിക്കേണ്ട ഡീഫൈബറിംഗ് മില്ലുകളെ കണ്ടെത്തി അവയ്ക്കു ധനസഹായം നൽകിവരുന്നു.
- വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് പ്രകാരമുള്ള ധനസഹായങ്ങൾ കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവർക്കു നൽകിവരുന്നു.
- കയർ കടാശ്വാസം പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയ്ക്കും അപെക്സ് കമ്മിറ്റിയ്ക്കും നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം പദ്ധതിക്കായി നടപടി സ്വീകരിച്ചു വരുന്നു.
- കയർ സഹകരണ സംഘങ്ങളിൽ ഓഹരി പങ്കാളിത്തം പദ്ധതി പ്രകാരം അർഹരായവർക്കെല്ലാം തുക അനുവദിച്ചു കഴിഞ്ഞു.
- ക്ലസ്റ്റർ പദ്ധതി പ്രകാരം ACCDS നൽകിയ എല്ലാപേർക്കും തുക അനുവദിക്കുവാനുള്ള ശുപാർശയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.
- കയർഫെഡ് പുനരുദ്ധാരണ പദ്ധതി അംഗീകരിച്ചു.
- വിരമിച്ച ജീവനക്കാരുടെ ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റ്യുവിറ്റി എന്നിവ തിരിച്ചു നല്കിക്കൊണ്ടിരിക്കുന്നു.
- കയർ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

| | |
|---|---|
| **(സി)** കയർ മേഖലയിൽ ഈ സർക്കാർ വന്നശേഷം എത്ര കോടി രൂപയുടെ മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം നൽകുമോ; | **(സി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006 07 മുതൽ 2008 - 09 വരെ കയർ മേഖലയിലെ വിവിധ പദ്ധതികൾക്കായി 11913.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2009 - 10 ൽ 7170 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ചെലവഴിച്ചുവരികയാണ്. കയർ സഹകരണ സംഘങ്ങളുടെ ബാദ്ധ്യത ഒഴിവാക്കുന്നതിന്റെ ഭാഗമായി സംഘങ്ങളുടെ സർക്കാർ വായ്പ, പലിശ എന്നിവ ഓഹരി ആക്കി മാറ്റുന്നതിനും പിഴപ്പലിശ എഴുതിത്തള്ളുന്നതിനും 2255.19 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ സംഘങ്ങളുടെ NCDC വായ്പ ഓഹരി ആക്കി മാറ്റുന്നതിനും പലിശ, പിഴപ്പലിശ മുതലായവ എഴുതിത്തള്ളുന്നതിന് 3367.78 ലക്ഷം രൂപയും അനുവദിച്ചിരുന്നു.<br><br>മൂലധന നിക്ഷേപം മാത്രമായിട്ടല്ല പദ്ധതികൾ നടപ്പിലാക്കുന്നത്. സംഘങ്ങൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം, സ്ഥിര മൂലധനം, അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കൽ, കയർഫെഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്കാവശ്യമായ വിപണി സഹായം മറ്റ് ധനസഹായങ്ങൾ എന്നിവ പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾക്ക് മാർജിൻ മണി, സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നിവ നൽകി വരുന്നു. |
| **(ഡി)** പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകളുടെ പുനരുജ്ജീവനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | **(ഡി)** ഉണ്ട്. പ്രവർത്തന രഹിതമായിട്ടുള്ള ഡീഫൈബറിംഗ് മില്ലുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി ആകെ പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സമാനസ്വഭാവമുള്ള ഏജൻസികൾ എന്നിവർക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| **(ഇ)** കയർ മേഖലയിലെ ചെറുകിട ഉല്പാദകർക്കും സഹകരണ സംഘങ്ങൾക്കും വേണ്ടി ആവിഷ്കരിച്ച കടാശ്വാസ പദ്ധതി | **(ഇ)** കയർ കടാശ്വാസ പദ്ധതി പ്രകാരം ചെറുകിട ഉൽപ്പാദകന് 25000 രൂപവരെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ സർക്കാർ ധനസഹായത്തിനായി പരിഗണിച്ചുവരുന്നു. |

| | |
|---|---|
| കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ? | കൂടാതെ സഹകരണ സംഘങ്ങൾക്കും ഈ ആനുകൂല്യം നൽകിവരുന്നുണ്ട്. അപേക്ഷകൾ ലഭ്യമാക്കി സെലക്ഷൻ കമ്മിറ്റി മുൻപാകെ സമർപ്പിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ചെറുകിട ഉൽപ്പാദകന് തന്റെ ബാദ്ധ്യത ഒഴിവാക്കി തന്റെ വ്യവസായം വിപുലപ്പെടുത്താൻ കഴിയുന്നതാണ്. സഹകരണ സംഘങ്ങൾക്ക് ക്യാഷ് ക്രെഡിറ്റ്, ടേം ലോൺ എന്നിവ തീർപ്പാക്കി കഴിഞ്ഞാൽ പുതിയതായി വായ്പ വാങ്ങി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതാണ്. കയർ മേഖലയുടെ പുനരുദ്ധാരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള കയർ കമ്മീഷനെ നിയോഗിച്ചത് കയർ മന്ത്രി നിയമസഭയിൽ നടത്തിയ പ്രഖ്യാപനം വഴിയാണ്. ഇങ്ങനെ ഒരു കമ്മീഷനെ നിയമിക്കണമെന്ന് ആരും അതിനു മുമ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നില്ല. കമ്മീഷൻ ശുപാർശകൾ സർക്കാർ അംഗീകരിച്ചു നടപ്പിലാക്കി വരികയാണ്. അതിൽ ആദ്യ വർഷം തന്നെ നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ കാര്യങ്ങൾ വളരെയധികം പൂർത്തിയാക്കുവാൻ കഴിയും. കമ്മീഷൻ ശുപാർശ ചെയ്ത പല കാര്യങ്ങളും സർക്കാർ നടപ്പാക്കാൻ തുടങ്ങിയവയാണ്. പുതിയ കാര്യങ്ങളും ശുപാർശയിലുണ്ട്. സർക്കാർ, കമ്മീഷൻ ശുപാർശകൾക്കു പുറമെ പല കാര്യങ്ങളിലും പുതിയതായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(signature)<br><br>**സെക്ഷൻ ഓഫീസർ** |

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 294</u> — <u>15.3.2010-ൽ മറുപടിക്ക്</u>

## ബാർ ലൈസൻസ് നല്കുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.കെ.രാജു | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ബാർ ലൈസൻസ് നല്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) ബാർ ലൈസൻസ് നല്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ, 2009-10 വർഷത്തിൽ ഭേദഗതിയൊന്നും വരുത്തിയിട്ടില്ല. |
| (ബി) 2009-10 സാമ്പത്തിക വർഷത്തിൽ പുതുതായി എത്ര ബാർ ലൈസൻസുകൾ നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 2009-10 സാമ്പത്തിക വർഷത്തിൽ പുതുതായി (6.3.2010 വരെ) 39 ബാർ ലൈസൻസുകൾ നല്കിയിട്ടുണ്ട്. |
| (സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ബാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ആയതിലേക്ക് പ്രത്യേക വ്യവസ്ഥകൾ എന്തെങ്കിലും പാലിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അത് എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) ഇത്തരത്തിലുള്ള ഒരു പ്രത്യേക പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടില്ല. വിദേശമദ്യ ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ടൂറിസ്റ്റ് മേഖലകളിൽ ഇപ്പോൾ തന്നെ ബാർ ലൈസൻസുകൾ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 295  15.03.2010 ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. വി. ശശികുമാർ:<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. എം. കെ. പുരുഷോത്തമൻ:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (എ) കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ യുവാക്കൾക്ക് നൽകുന്ന സ്വയംതൊഴിൽ പദ്ധതികൾ (SCA to TSP), ഗ്രൂപ്പ്ഫാമിംഗ് പദ്ധതി (അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പ്രിയദർശിനി തേയിലത്തോട്ടം, വട്ടച്ചുകി ഗിരിജൻ സഹകരണ ഫാമിംഗ് സൊസൈറ്റി), പട്ടികവർഗ്ഗ മേഖലകളിൽ കുടുംബശ്രീ പരിപാടി, കളമശ്ശേരിയിലുള്ള ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട്, കിൻഫ്രയിൽ അപ്പാരൽ ട്രെയിനിംഗ് എന്നിവയിലൂടെ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ, ട്രൈബൽ പ്രൊമോട്ടേഴ്സ് എന്നിവ കൂടാതെ അംബേദ്കർ മെമ്മോറിയൽ റൂറൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിലൂടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കൾ, പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്റർ എന്നിവയിലൂടെയും നൽകുന്ന പരിശീലനങ്ങൾ പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന യുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതി, സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്താനും വ്യവസായ വായ്പ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളിൽ നിന്നും വിവിധ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ടൂൾകിറ്റ് വിതരണ പദ്ധതി, കർഷകർക്ക് ഭൂമി വാങ്ങുന്ന പദ്ധതി, വനിതാ സ്വയം സഹായ പദ്ധതി തുടങ്ങിയവയാണ് പദ്ധതികൾ. |

(ബി) ഈ വിഭാഗത്തിലെ സാങ്കേതിക വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ;

(സി) ഇവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) & (സി)

സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും കീഴിലുള്ളതും സർക്കാരിന്റെ നിയന്ത്രണമുള്ളതുമായ സ്ഥാപനങ്ങളിലൂടെയുള്ള പരിശീലനം തൊഴിൽ നേടാൻ പട്ടികവർഗ്ഗ യുവാക്കളെ പ്രാപ്തരാക്കുന്നു.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.സി. കൾ വഴി സാങ്കേതിക വിദ്യാഭ്യാസം നേടി വിജയിച്ച പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ടൂൾകിറ്റ് നൽകിവരുന്ന പദ്ധതി നിലവിലുണ്ട്. ഇവർക്ക് വകുപ്പ് നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയിൽ ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. കൂടാതെ എസ്.സി.എ ടു എസ്.സി.പി. പദ്ധതിയിൽ വിവിധ വകുപ്പുകളുടെ പരിശീലന പരിപാടികൾക്കായി ജില്ലാകളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ള തുക ഉപയോഗിച്ച് ഫിഷറീസ്, ഖാദി ബോർഡ്, മൃഗ സംരക്ഷണ വകുപ്പ് എന്നിങ്ങനെ വിവിധ ഏജൻസികൾ വഴി വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട്. ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന ഓഫീസുകൾ വഴിയും, ജില്ലാ പട്ടികജാതി വികസന ഓഫീസ് വഴിയും നൽകി വരുന്നുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(ഡി)പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തുന്നതിന്വേണ്ടി കില, തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി വികസനവകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായി വിവിധ ജില്ലകളിൽ നടത്തി വരുന്ന സർവ്വേയിൽ തൊഴിലില്ലായ്മ സംബന്ധിച്ച വിവരങ്ങളും ശേഖരിക്കുന്നുണ്ട്. എന്നാൽ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 296 15.03.2010 ൽ മറുപടിയ്ക്ക്

**വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കുന്നതിനെതിരെ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) റഗുലേറ്ററി കമ്മീഷനിലടക്കം, സംസ്ഥാന സർക്കാരിന് വൈദ്യുത മേഖലയിലുള്ള നിയന്ത്രണം പൂർണ്ണമായി എടുത്തുകളയാനുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് കേന്ദ്ര ഗവൺമെൻറ് ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയാമോ; | (എ) & (ബി) വൈദ്യുതി നിയമം 2003 സെക്ഷൻ 11, 37, 108 എന്നിവ ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ക്രോസ് സബ്സിഡി കുറയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വൈദ്യുത മേഖല സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) ഇല്ല. ഇലക്ട്രിസിറ്റി ആക്ട് 2003, 108-ാം വകുപ്പു പ്രകാരം സംസ്ഥാന സർക്കാർ, പൊതുജന താല്പര്യം മുൻനിർത്തി, നയപരമായ കാര്യങ്ങളിൽ റഗുലേറ്ററി കമ്മീഷന് നിർദ്ദേശങ്ങൾ നൽകാവുന്നതും കമ്മീഷൻ ഇവയുടെ വെളിച്ചത്തിൽ പ്രവർത്തിക്കേണ്ടതുമാണ്. 16.12.2006 ലെ സർക്കാർ ഉത്തരവ്(എം.എസ്)നം.34/06/പവർ വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നയപരമായ കാര്യങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ നിലവിലുള്ള ക്രോസ്സ് സബ്സിഡി അനുപാതം നിലനിർത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഉള്ളതായി അറിയില്ല. |

അന്തരവാസം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട | 15.03.2010- ലെ
നിയമസഭാ ചോദ്യം നമ്പർ : 297 | മറുപടിക്ക്

## കയർ മേഖലയുടെ വികസനത്തിനും നവീകരണത്തിനുമുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ചാഴികാടൻ**<br>**ശ്രീ. പി.സി. ജോർജ്**<br>**ശ്രീ. ജോസഫ് എം. പുതുശ്ശേരി**<br>**ശ്രീ. റോഷി അഗസ്റ്റിൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയുടെ വികസനത്തിനും നവീകരണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് എന്നു വിശദമാക്കുമോ: | **(എ)** കയർമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**1. സമഗ്ര വികസനം**<br>1. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല , കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ ഗ്രാന്റായി നൽകി വരുന്നു.<br>2. സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.<br>3. നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിനും 75% പരമാവധി 15 ലക്ഷം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /തൊണ്ട് സംഭരണ |

| | |
|---|---|
| | സംഘങ്ങൾ /കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് /സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. 350 സംഘങ്ങളിലെ 14,000-ത്തോളം തൊഴിലാളികൾക്ക് 3 വിവിധ ഇനം കയർ പിരിക്കുന്ന പരിശീലനവും 7,000 ട്രഡീഷണൽ മോട്ടോറൈസ്ഡ് റാട്ടുകളും നൽകിവരുന്നു.<br>6. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം ഈ വർഷം 25 സ്പിന്നിംഗ് മെഷീനും 6 വീവിംഗ് മെഷീനും നൽകുന്നതിലേയ്ക്കായി 293.65 ലക്ഷം രൂപ ഉപയോഗിച്ചുള്ള പദ്ധതികൾ ഉടനെ ആരംഭിക്കുന്നു.<br>7. ഉൽപ്പാദന ക്ഷമത കൂടിയ യന്ത്രവൽകൃത ലൂമുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി വരുന്നു..<br>8. കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കേരളത്തിൽ തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>9. ജീവനക്കാരുടെയും വിരമിച്ച കയർ സഹകരണ സംഘം തൊഴിലാളികളുടെയും ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റ്യൂവിറ്റി ഇവ നല്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>10. ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കടാശ്വാസ പദ്ധതി<br>11. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.<br>12. കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ<br>13. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്. |

**II വൈവിദ്ധ്യവൽക്കരണം**

I.കയർപിരി സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലെ തൊഴിലാളികൾക്ക് കയർ ഭൂവസ്ത്ര നിർമ്മാണ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പരിശീലനം ലഭിച്ച തൊഴിലാളികൾ ഉള്ള സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

II. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ മർസൂക്ക് കാർപ്പെറ്റുകൾ, ഫൈബർ മാറ്റുകൾ, കയർ ഫെൻഡറുകൾ എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു.

III.എൻ.സി.ആർ.എം.ഐ.യുടെ ചുമതലയിൽ കയർ ബാഗുകളും കരകൗശല വസ്തുക്കളും വികസിപ്പിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

iv. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി കയർഫെഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈവിദ്ധ്യവൽക്കരണത്തിനാവശ്യമായി ഡിസൈൻസെന്റർ NID യുടെ സഹായത്തോടെ ഫോം മാറ്റിംഗ്സ് (ഇന്ത്യ) സ്ഥാപിച്ചിട്ടുണ്ട്.

**III. സുശക്തമായ മാർക്കറ്റിംഗ് സംവിധാനം**

കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർഫെഡിന്റെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖാന്തിരം

| | |
|---|---|
| | വിറ്റഴിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു വിൽപനശാലയെങ്കിലും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. 959 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും അവയിൽ 605 സംഘങ്ങളിലൂടെ വിൽപന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങളുടെ നഗരങ്ങളിലെ വിൽപന ശാലകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കയർ ഷോപ്പി കളാക്കി മാറ്റി വരുന്നു. 2009-10 വർഷത്തെ പദ്ധതി പ്രകാരം കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, സ്വകാര്യ സംരംഭകർ തുടങ്ങി എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതിനുപുറമെ ദേശീയ അന്തർദേശീയ വിൽപന മേളകളിൽ പങ്കെടുത്ത് മാർക്കറ്റിംഗ് ശക്തമാക്കുന്നതിനും ധനസഹായം നൽകി വരുന്നു. ഇതിനു പുറമെ പ്രധാന നഗരങ്ങളിൽ ഉത്സവ കാലയളവുകളിൽ വിൽപ്പന മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കേരള ഫെസ്റ്റിവലിൽ കയർ സ്ഥാപനങ്ങൾ പങ്കെടുത്തുവരുന്നു. വിൽപന മേളകളിൽ പങ്കെടുക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് വിൽപനയുടെ 50% എക്സിബിഷൻ ഗ്രാന്റായും പുതിയ വിൽപന ശാലകൾ ആരംഭിക്കുന്നതിന് 50% പരമാവധി 1 ലക്ഷം രൂപവരെ ഷോറൂം ഗ്രാന്റായും നൽകി വരുന്നു. |
| (ബി) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, ആരോഗ്യ സുരക്ഷയ്ക്കും സാമ്പത്തികവുമായ ഉന്നമനത്തിനുമായി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്; | (ബി) കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കൂലി കുറവുണ്ടായിരുന്ന ചില പ്രദേശങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിയ്ക്കാൻ മുന്നിനം കയർ ഉല്പാദനം നടത്താനുതകുന്ന റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്കു നൽകുകയും പരിശീലനം നൽകുകയും ചെയ്തു. കൂടാതെ കൂടുതൽ ഉൽപ്പാദനം ലഭിക്കുന്ന സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| | കൂടുതൽ സ്പിന്നിംഗ് മെഷീനുകളും, വിവിധയിനം കയർ പിരിക്കാൻ കഴിയുന്ന റാട്ടുകളും നൽകി ഉല്പാദനം വർദ്ധിപ്പിച്ച് അതിലൂടെ കൂടുതൽ വേതനവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷേമ പ്രവർത്തനങ്ങളിൽ പ്രധാനമായിട്ടുളള കയർതൊഴിലാളി പെൻഷൻ 4/09 മുതൽ 250 രൂപയാക്കി വർദ്ധിപ്പിച്ചു. 4/10 മുതൽ അത് 300 രൂപയാക്കും. കുടിശ്ശിക കൊടുത്തുതീർത്തു. കൂടാതെ ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, ഭവന നിർമ്മാണ സഹായം എന്നിവയും നൽകി വരുന്നു. ക്ഷേമ നിധി ബോർഡ് വഴി നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും 3 ഇരട്ടിയായി വർദ്ധിപ്പിച്ചു. മുഴുവൻ കയർ തൊഴിലാളികളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>2009-10 വർഷം ക്ഷേമനിധിബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു വൃദ്ധ സദനം ആരംഭിക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുണ്ട്.<br>കയർ സഹകരണ സംഘങ്ങൾ തൊഴിലാളി കളിൽ നിന്നും പിരിച്ചെടുത്ത ത്രിഫ്റ്റും, ഷെയറും തൊഴിലാളികൾക്ക് തിരികെ നൽകാൻ സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു. |
| (സി) കയർ മേഖലയുടെ മാന്ദ്യം മാറ്റി അഭിവൃദ്ധിപ്പെടുത്തുവാൻ എന്തൊക്കെ പാക്കേജുകളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ? | (സി) കയർ മേഖലയുടെ സമഗ്രവികസനത്തിനും പുനസംഘടനയ്ക്കുമായി സംസ്ഥാന സർക്കാർ കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കയർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അവയിലെ പ്രധാന ശുപാർശകൾ 2009 - 10 വർഷം മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. 2006 - 07, 2008 - 09 വർഷങ്ങളിലായി 505 കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം 2382.69 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. അവയുടെ സർക്കാർ വായ്പയും പലിശയും WCDC വായ്പയും ഷെയറാക്കി മാറ്റി.<br><br>(ഒപ്പ്)<br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 298

15.03.2010- ലെ
മറുപടിക്ക്

## കയർ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. മുരളി**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. സി.പി. മുഹമ്മദ്** | **ശ്രീ. ജി. സുധാകരൻ**<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന കയർ കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്: | (എ) കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു.<br>• കയർ മേഖലയിലെ ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ അംഗീകൃത വില നല്കി സംഭരിക്കുകയും അവ ആഭ്യന്തര വിദേശ വിപണികളിൽ വിറ്റഴിക്കുകയും ചെയ്യുക.<br>• കയർ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഏകോപനം.<br>• സർക്കാർ കാലാകാലങ്ങളിൽ കയർ രംഗത്തു നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. സർക്കാർ ഏല്പിക്കുന്ന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ആയി പ്രവർത്തിക്കുക.<br>• ചെറുകിട ഉല്പാദക സംഘങ്ങളുടെ ഉല്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ച് കേന്ദ്രീകൃത സംവിധാനം വഴി വിറ്റഴിക്കുക.<br>• മാതൃക കയർ ഉല്പന്ന ഉല്പാദക കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ, കയർ രംഗത്ത് വൈവിധ്യവൽക്കരണം നടപ്പിലാക്കൽ. |
| (ബി) കയർ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു.<br>1. കയർ ഉല്പന്ന രംഗത്തെ ചൂഷണ സംവിധാനമായ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുവാനും ചെറുകിട ഉൽപ്പാദ |

അവസാനിപ്പിക്കുവാനും ചെറുകിട ഉൽപ്പാദകർക്കും ഉല്പാദക സൊസൈറ്റികൾക്കും ആവശ്യമായ ഓർഡറുകളും ന്യായവിലയും ലഭിക്കുന്നതിനും കയർ തൊഴിലാളികൾക്ക് നിയമപരമായ കൂലി കൃത്യതയോടു കൂടി ലഭ്യമാക്കുന്നതിനും, കയർ ഉല്പന്ന കയറ്റുമതിക്കാർക്ക് ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിനും സഹായകമാവുന്ന ക്രയവില സ്ഥിരതാ പദ്ധതിയുടെ (പി.പി.എസ്.എസ്) നോഡൽ ഏജൻസി ആയി പ്രവർത്തിക്കുന്നു. ഈ പദ്ധതി വഴി ആകെ 91 കോടി രൂപയുടെ കയറുല്പന്നങ്ങൾ സംഭരിച്ച് കയറ്റുമതിക്കാർ വഴി വിപണനം നടത്തിയിട്ടുണ്ട്.

2. കയർ ഭൂവസ്ത്ര നിർമ്മാണവും പരിസ്ഥിതിക്ക് ദോഷം വരാതെയുള്ള ഭൂസംരക്ഷണം, ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കുവേണ്ടി യുക്തമായ സാങ്കേതിക സംവിധാനങ്ങളോടെ ജിയൊ ടെക്സ്റ്റയിൽസ് പ്രോജക്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
3. കയർ / കയറുല്പന്നങ്ങളുടെ നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ പ്രയോഗിച്ചുകൊണ്ട് ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ ലാഭകരമായി ഉൽപ്പാദിപ്പിക്കുന്നതിനും കയർ ഉല്പന്ന രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ വഴി പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വൈവിധ്യവൽക്കരണത്തിനുമായി പുതിയ ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

(എ). കയർ ബ്ലൻഡഡ് യാൺ ഉല്പന്നങ്ങൾക്കുള്ള ഗവേഷണ - ഉല്പാദന പ്രവർത്തനങ്ങൾക്ക് വേണ്ടി ആലപ്പുഴയിലെ തിരുവിഴ കയർ പാർക്ക് - 2ൽ 2.90 കോടി രൂപ മുടക്കി ആരംഭിക്കുന്ന പുതിയ ഫാക്ടറി സ്ഥാപിക്കുന്നതിന് ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്പ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടപ്പിക്കുന്നു.

(ബി). കയർ കോർപ്പറേഷന്റെ ആലപ്പുഴ ഫാക്ടറിയിൽ ആകെ 157 ലക്ഷം രൂപ മുതൽ മുടക്കിൽ പുതിയ റബ്ബർ ബാക്കിംഗ്,

പ്രോസസിംഗ് (ഡൈയിംഗ്) യൂണിറ്റുകൾ അടങ്ങുന്ന പൊതുസേവനകേന്ദ്രമായി പ്രവർത്തി ക്കുന്നതിനുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

(സി). കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ ആകെ 169 ലക്ഷം രൂപ മുതൽ മുടക്കിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചകിരിമില്ലും, കൃഷി ആവശ്യത്തിനുള്ള ചകിരിച്ചോർ കട്ടകൾ നിർമ്മിക്കുന്നതിനുമുള്ള ഫാക്ടറിയുടെ പ്രവർ ത്തനത്തിനുവേണ്ട നടപടികൾ പുരോഗിക്കുന്നു.

4. കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര കമ്പോളം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

(എ). പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലായി സംസ്ഥാന സഹകരണ വകുപ്പിന്റെയും കയർ വകുപ്പിന്റെയും സഹകരണത്തോടെ ആകെ 353 സഹകരണ ബാങ്കുകളിൽ കയർ ഉല്പന്ന വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് നന്നായി പ്രവർത്തിക്കുന്നുണ്ട്.

(ബി). കേരളത്തിനകത്തും പുറത്തുമുള്ള കൈരളി, ഹാന്റക്സ് സംഘങ്ങളുടെ ആകെ 40 ഷോറൂമുകൾ വഴി കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്നു.

(സി). കുടുംബശ്രീ മിഷൻ / കുടുംബശ്രീ സി.ഡി.എസ് കളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ കുടുംബങ്ങളിൽ 'ഒരു വീടിന് ഒരു കയറുല്പന്നമെങ്കിലും' എന്ന മുദ്രാവാക്യത്തിന്റെ ഭാഗമായുള്ള വിപണന പ്രവർത്തനങ്ങൾ വിജയകരമായി നടന്നു വരുന്നു.

(ഡി). ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തു കളുമായി ബന്ധപ്പെട്ട് തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി മണ്ണ്, ഭൂമി സംരക്ഷണ ത്തിനും ജല നിർഗ്ഗമന മാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പരിധിയിലുള്ള 7 പഞ്ചായത്തു കളിലായി ആകെ 2 കോടി രൂപയുടെ കയർ ജിയോ ടെക്സ്റ്റയിൽസ് പ്രവർത്തനങ്ങൾ നടന്നു

| | |
|---|---|
| | കഴിഞ്ഞു. ഇതുവഴി 55 ലക്ഷം രൂപയുടെ കയറുല്പന്നങ്ങൾ വിറ്റഴിച്ചു.<br>(ഇ). കേരളത്തിനു വെളിയിൽ സി&എഫ് ഏജൻസികൾ ഡീലർഷിപ്പ് ഷോറൂമുകൾ, ഡി.ജി.എസ് & ഡി. സംവിധാനങ്ങൾ എന്നിവ വഴിയുള്ള വിപണന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>(എഫ്). ട്രേഡ് ഫെയറുകളിൽ പങ്കെടുത്തു കൊണ്ടുള്ള വിദേശ മാർക്കറ്റുകൾ ലഭ്യമാക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.<br>(ജി). കേരള സർക്കാരിന്റെ മുൻകയ്യിലും കയർ വകുപ്പിന്റെ നേതൃത്വത്തിലും ഡൽഹിയിൽ സംഘടിപ്പിച്ച ബയർ - സെല്ലർ മീറ്റിൽ കയർ കോർപ്പറേഷൻ സജീവമായി പങ്കെടുക്കുകയും നിരവധി വിദേശ വ്യാപാര സ്ഥാപനങ്ങളുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനം വഴി കയറുല്പന്നങ്ങൾക്ക് ഭേദപ്പെട്ട നിലയിലുള്ള വിദേശ ഓർഡറുകൾ ലഭ്യമാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.<br>(എച്ച്). അമേരിക്ക, ദുബായ് എന്നീ രാജ്യങ്ങളിൽ ഏജൻസികൾ സംഘടിപ്പി ക്കുന്നതിനുള്ള പ്രവർത്തനം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 299 15.03.2010 ൽ മറുപടിക്ക്

**<u>സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതിയിൽ വനിതാ സംവരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ.എം. മാണി** | **ശ്രീ. ജി. സുധാകരൻ**<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതികളിൽ നിലവിലുള്ള വനിതാ സംവരണം എത്രയെന്ന് വ്യക്തമാക്കുമോ; | എ) ഭരണ സമിതികളിൽ ഒരു സീറ്റ് വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. |
| ബി) ഇത് അപര്യാപ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) വനിതകൾക്ക് 50% ൽ കുറയാത്ത സംവരണം ഏർപ്പെടുത്താൻ നിയമ നിർമ്മാണം കൊണ്ടുവരുമോ; | സി) എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| ഡി) ഭരണസമിതിയിലെ പ്രസിഡന്റ് പദവിയിൽ ഇപ്പോൾ വനിതാ സംവരണമുണ്ടോ; | ഡി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭരണ സമിതിയിലെ പ്രസിഡന്റ് പദവിയിലേയ്ക്ക് വനിതാ സംവരണത്തിന് ഇപ്പോൾ വ്യവസ്ഥയില്ല. |
| ഇ) ഇല്ലെങ്കിൽ ഒന്നിടവിട്ട ടേമുകളിൽ വനിതാ പ്രാതിനിധ്യം കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കാമോ; | ഇ) ചർച്ച ചെയ്തു തീരുമാനിക്കേണ്ട കാര്യമാണ്. |
| എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | എഫ്) 1969-ലെ കേരള സഹകരണ സംഘ നിയമത്തിൽ പ്രസിഡന്റ് പദവിയിലേയ്ക്ക് വനിതകൾക്ക് സംവരണത്തിന് വ്യവസ്ഥയില്ല. |

Rajendran

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

**ചോദ്യം നമ്പർ 300** **15-03-2010 ൽ മറുപടിക്ക്**

**നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എം.ജെ. ജേക്കബ്<br>ശ്രീമതി. ജെ. അരുന്ധതി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) 1. മരുന്ന് വിതരണക്കാരുടെ സംഘടനയായ എ.കെ.സി.ഡി.എ.യുടെ സ്വാധീനം നിമിത്തം ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെ പല മരുന്നുകളും ലഭിക്കുന്നതിൽ ഉണ്ടായിരുന്ന തടസ്സം സർക്കാരിന്റെ ഇടപെടൽ മൂലവും കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം നിലയിലുള്ള പരിശ്രമം മൂലവും തരണം ചെയ്യു.<br>2. സ്കീമിന്റെ തുടക്കത്തിൽ വാങ്ങിയ മരുന്നുകൾ കാലാവധികഴിഞ്ഞപ്പോൾ തിരിച്ചയച്ചത് സംബന്ധിച്ച് സപ്ലയർമാരുമായി നിലനിന്നിരുന്ന തർക്കങ്ങൾ ചർച്ചകളിലൂടെ ഭാഗീകമായി പരിഹരിച്ചിട്ടുണ്ട്.<br>3. സംഘങ്ങളുമായി മേഖലാ തലത്തിലുള്ള ഓപ്പൺ ഫോറങ്ങൾ നടത്തി അവരുമായുള്ള ബന്ധം മെച്ചപ്പെടുത്തി.<br>4. തൃശ്ശൂർ ജില്ലയിൽ നീതി മെഡിക്കൽ വെയർ ഹൗസ് പുനഃസ്ഥാപിച്ച് തൃശ്ശൂർ, പാലക്കാട് മലപ്പുറം ജില്ലകളിലേയ്ക്കുള്ള മരുന്നു വിതരണം സുഗമമാക്കി.<br>5. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ നീതിമെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ല എന്ന പരാതി പരിഹരിക്കുന്നതിനായി നിയന്ത്രണ വിധേയമായ ലോക്കൽ പർച്ചേസ് ഏർപ്പെടുത്തി. |

6. മരുന്നുകൾ വാങ്ങുന്നത് മുൻകാല വിൽപ്പനയുടെ അടിസ്ഥാനത്തിലാക്കിയതിലൂടെ കാലാവധികഴിഞ്ഞ മരുന്നുകൾ സ്റ്റോക്ക് ചെയ്യേണ്ടി വന്നിരുന്ന സ്ഥിതി ഒഴിവാക്കുവാൻ സാധിച്ചു.
7. ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ മരുന്നുകളുടേയും ലഭ്യത ആവശ്യമായ അളവിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്.
8. സെൻട്രലൈസ്ഡ് പർച്ചേസ് കാര്യക്ഷമമാക്കി.
9. കേന്ദ്രീകൃത ഇൻവന്ററി കൺട്രോൾ നടപ്പാക്കി സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കി.
10. ജീവനക്കാർക്ക് സെയിൽസ് ഇൻസെന്റീവ് അനുവദിച്ചതിലൂടെ അവരുടെ ആത്മാർത്ഥത വർദ്ധിപ്പിക്കുന്നതിനും അതിലൂടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു.
11. സ്റ്റോറുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചു. ഉപഭോക്താക്കളോടുള്ള ജീവനക്കാരുടെ പെരുമാറ്റം മെച്ചപ്പെടുത്തി.
12. സ്റ്റോറുകളിലെ ഇൻസ്പെക്ഷൻ കാര്യക്ഷമമാക്കിയത് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമായി.

| | | | |
|---|---|---|---|
| ബി) | നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് മരുന്നു വാങ്ങുന്നതിനുള്ള സംവിധാനം എന്താണ്; | ബി) | ഓരോ ഉൽപ്പാദകരും വിതരണക്കാരും അവരവരുടെ പ്രോഡക്ടിന്റെ കുത്തകക്കാരായതിനാൽ ടെണ്ടർ, നെഗോസിയേഷൻ എന്നിവ മരുന്നുകളുടെ കാര്യത്തിൽ പ്രായോഗികമല്ല. അഡ്വാൻസ് നൽകിയാൽ മാത്രമേ മരുന്നുകൾ ലഭ്യമാക്കുന്നതിന് സാധിക്കുകയുള്ളൂ. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് മരുന്നുകൾ വാങ്ങുന്നതിന് പരമാവധി സ്വീകരിച്ചിട്ടുള്ളത്. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ കേന്ദ്രീകൃതമായി വാങ്ങാൻ സാധിക്കാത്തതിനാൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്. പ്രാദേശിക പർച്ചേസ് അല്ലാത്ത മരുന്നുകൾ വാങ്ങുന്നതും അവക്കുള്ള പേയ്മെന്റ് നൽകുന്നതും ഫെഡറേഷന്റെ ഹെഡ് ആഫീസിൽ നിന്നുമാണ്. |

| | | | |
|---|---|---|---|
| സി) | ജീവൻരക്ഷാ മരുന്നുകൾ എത്ര ശതമാനം വില കുറച്ചാണ് വിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) | ജീവൻ രക്ഷാ മരുന്നുകൾ 12 ശതമാനം മുതൽ 40 ശതമാനം വരെ വില കുറച്ചാണ് വിൽപ്പന നടത്തുന്നത്. |
| ഡി) | മെഡിക്കൽ സ്റ്റോറുകളിലെ മരുന്നു ശേഖരം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | മെഡിക്കൽസ്റ്റോറുകളിൽ ഉപഭോക്താക്കൾക്കാവശ്യമായ എല്ലാ മരുന്നുകളും ആവശ്യമായ അളവിൽ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | ഇ) | ആവിഷ്ക്കരിച്ചിട്ടുണ്ട്. രണ്ട് രീതിയിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന മെഡിക്കൽ സ്റ്റോറുകളും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന സ്റ്റോറുകളും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാടക കൂടാതെ കെട്ടിടങ്ങൾ ലഭ്യമാക്കുന്നത് പദ്ധതി വേഗത്തിൽ നടപ്പാക്കുവാൻ സഹായകമാകും. |
| എഫ്) | നീതി മെഡിക്കൽ സ്റ്റോറുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | എഫ്) | ആദ്യകാല നഷ്ടം ഒഴിവാക്കിയാൽ നീതി മെഡിക്കൽ വിഭാഗം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ചില സ്റ്റോറുകൾ ലാഭത്തിലല്ല. ലാഭം മാത്രം ലക്ഷ്യമാക്കിയല്ല നീതി മെഡിക്കൽ വിഭാഗം പ്രവർത്തിക്കുന്നത്. |

Rajendran

സെക്ഷൻ ഓഫീസർ